

# തിരുഹൃദയ നാദം

2024 ഏപ്രിൽ | വാല്യം 17 | പുസ്തകം 4




തിരുഹൃദയ തീർത്ഥാടനകേന്ദ്രം
പെരിഞ്ചേരി, ഫോൺ : 0487 2342423


Think beyond ENGINEERING & MEDICAL..!!
Attn: Parents of 12th / 11th / 10th Std. Students
A great career awaits for your child in Management/Law
Get Attractive Discounts
IPM
2025/2026
(5 Year Integrated Programme in Management from IIM-Indore / Rohtak / Ranchi) also covering JIPMAT (for IIM Bodhgaya & IIM Jammu)
& other BBA entrance exams
CLAT
2025/2026
(Common Law Admission Test for National Law Schools)
& other LAW entrance exams like AILET, SLAT, LSAT Christ (Law), etc.
New Weekday / Weekend Batches
Nanditha Sunil
IIM ROHTAK
Saniya K
NMIMS
Alina TS
SYMBIOSIS BANGALORE
Raina Shafeeq
CHRIST BANGALORE
Jean Mary Sibi
MANIPAL UNIVERSITY
*Conditions apply
T.I.M.E.
T.I.M.E.
Triumphant Institute of Management Education Pvt. Ltd.
THRISSUR
Opp. to Jubilee Mission Hospital Gate 2, East Fort, Thrissur
8086 44 00 33
04872 44 00 33
Intensive Crash Course for IPM / BBA / CUET '24 also available






# തിരുഹൃദയ നാദം


പാരിഷ് ബുള്ളറ്റിൻ

വാല്യം 17 | ലക്കം 04 | ഏപ്രിൽ 2024



പെരിഞ്ചേരി, തൃശ്ശൂർ - 680306, ഫോൺ: 0487 - 2962423, 0487 - 2342423

*Website:* sacredheartshrineperinchery.com

*Email:* perincherysacredheart@gmail.com



**പത്രാധിപസമിതി**

**ചീഫ് എഡിറ്റർ**
ഫാ. പോൾ താണിക്കൽ
Mob : 9495041382

**മാനേജിങ്ങ് എഡിറ്റർ**
ഫാ. ജിന്റോ ചിറമ്മൽ CMI
Mob : 8248363161

**എക്സിക്യൂട്ടീവ് എഡിറ്റർ**
പോൾ കാട്ടൂക്കാരൻ
Mob : 9495130756

**എഡിറ്റർ**
പ്രിൻസൺ പുത്തിരി
Mob : 8547258347

**ട്രഷറർ**
ഷാജു കിടങ്ങൻ
Mob : 9061955814

**അഡ്വർടൈസ്മെന്റ്**
ജോമോൻ തട്ടിൽ
Mob : 9495528715

**ട്രസ്റ്റി**
സിബിൻ കല്ലൂക്കാരൻ
Mob : 9747013629

**കമ്മിറ്റി അംഗങ്ങൾ**
റവ. സി. ഷെഫി FCC
0487 2342027
റവ. സി. ടിസ്റ്റു ജീസ് FCC
0487 2342027
ജോസ് മുത്തിപീടിക
Mob : 9946006917
ബെൻസി റോയ്
Mob : 807869536
ജോൺസൺ കുറ്റിക്കാട്ട്
Mob : 8078869536


**മുഖചിത്രം:**
എമ്മാവൂസ് അനുഭവം

## ഇതളുകൾ വിരിയുമ്പോൾ...


ഓർമ്മിക്കാൻ ആചരിക്കാൻ 4
പത്രാധിപക്കുറിപ്പ് 5
ഇടയസ്വരം 7
കൊച്ചച്ചൻ സംസാരിക്കുന്നു 9
തിരുഹൃദയനാഥന് നന്ദി 10
കുരിശിൻ മഹത്വം (കവിത) 12
വി. സെബസ്ത്യാനോസിന്റെ അപേക്ഷ (കവിത) 13
ആരോഗ്യവേദി 14
കണ്ണുകൾ തുറന്നു (ലേഖനം) 16
കിഡ്സ് കോർണർ 18
സഭാ വാർത്തകൾ 20
ഇടവക വാർത്തകൾ 34
വിശ്വാസപരിശീലന വാർത്തകൾ 37
സംഘടന വാർത്തകൾ 39
വിശുദ്ധരുടെ പാതയിൽ 42
ഇടവക ചേർന്നവർ...... 44
അടിക്കുറിപ്പ് 45
നിറം കൊടുക്കൽ 47
തിരുഹൃദയനാദം ക്വിസ് 49
ബൈബിൾ കലണ്ടർ 50



FOR PRIVATE CIRCULATION ONLY



# ഓർമ്മിക്കാൻ ആചരിക്കാൻ

**ഏപ്രിൽ 2024**

| | | |
|---|---|---|
| 05 | വെള്ളി | മാസാദ്യവെള്ളി തിരുഹൃദയ തിരുനാൾ, തിരുഹൃദയ ഊട്ട്, വേദസാക്ഷികളുടെ തിരുനാൾ |
| 07 | ഞായർ | പുതുഞായർ |
| 21 | ഞായർ | ലോക ദൈവവിളി പ്രാർത്ഥനാദിനം |
| 24 | ബുധൻ | വി. ഗീവർഗ്ഗീസ് |
| 25 | വ്യാഴം | വി. മർക്കോസ് സുവിശേഷകൻ |
| 28 | ഞായർ | മാർ അദ്ദായി |
| 29 | തിങ്കൾ | സിയന്നായിലെ വി. കത്രീന |

## മാസാദ്യവെള്ളി തിരുഹൃദയ ഊട്ടുതിരുനാൾ

2024 ഏപ്രിൽ മാസത്തെ മാസാദ്യവെള്ളി തിരുഹൃദയ ഊട്ടു തിരുനാൾ 5-ാം തിയ്യതി ആചരിക്കുന്നു. രാവിലെ 5.45 നും 7.15 നും വൈകീട്ട് 6.00 നും പാട്ടുകുർബ്ബാന, ലദീഞ്ഞ്, തിരുഹൃദയ നൊവേന, 10.00 ന് ആഘോഷമായ പാട്ടുകുർബ്ബാന, തിരുഹൃദയസന്ദേശം, ലദീഞ്ഞ്, തിരുഹൃദയ നൊവേന, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, ദിവ്യകാരുണ്യപ്രദക്ഷിണം, പരിശുദ്ധ കുർബാനയുടെ ആശീർവ്വാദം, കൈവെപ്പ് ശുശ്രൂഷ, തുടർന്ന് സൗഖ്യദായക തിരുഹൃദയ ഊട്ട്. ശുശ്രൂഷകൾക്ക് ഫാ. ഫ്രെഡി അരിക്കാടൻ മുഖ്യ കാർമ്മികത്വം വഹിക്കും.

2024 ഏപ്രിൽ മാസം തിരുനാൾ ഏറ്റെടുത്ത് നടത്തുന്നത്

***മഞ്ഞളി ജോയ് ജിറ്റ്സ്യാ, പെരിഞ്ചേരി***

**കുമ്പസാരത്തിനും കൗൺസിലിങ്ങിനും പ്രത്യേക സൗകര്യം ഉണ്ടായിരിക്കും.**

***തിരുഹൃദയസന്നിധിയിലേക്ക് ഏവർക്കും സ്വാഗതം !!!***

പശ്ചാത്തപിക്കുന്നവർക്ക് തിരിച്ചുവരാൻ അവിടുന്ന് അവസരം നല്കും. (പ്രഭാ. 17: 24).




# നിദ്ര വിട്ടെഴുന്നേൽക്കേണ്ട സമയം!....

ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യമായ ഭാരതം ഒരിക്കൽ കൂടി പൊതുതിരഞ്ഞെടുപ്പിന് തയ്യാറാവുകയാണ്. നമ്മുടെ ഭരണഘടന വിഭാവനം ചെയ്യുന്ന മഹത്തായ ലക്ഷ്യങ്ങളും മൂല്യങ്ങളും ഉറപ്പ് വരുത്താനുള്ള അവസരമാണ് തിരഞ്ഞെടുപ്പ്. നമ്മുടെ രാജ്യത്തിന്റെ പുരോഗതിയും നന്മയും പാർലമെന്റിലേക്ക് നമ്മൾ തിരഞ്ഞെടുക്കുന്ന നേതാക്കളെ വളരെയേറെ ആശ്രയിച്ചിരിക്കുന്നു. ഭാരതത്തിന്റെ ഭരണഘടന അലംഘ്യമായി പ്രഖ്യാപിച്ചിട്ടുള്ള സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും ഐക്യവും മതേതരത്വവും ന്യൂനപക്ഷാവകാശങ്ങളും അവശവിഭാഗങ്ങളോടുള്ള പ്രത്യേക പരിഗണനയും അഴിമതി രാഹിത്യവും ഇവപോലുള്ള മറ്റു മൂല്യങ്ങളും മുറുകെ പിടിക്കുന്നവരാകണം ഭരണ സാരഥ്യത്തിലേക്ക് പ്രവേശിക്കേണ്ടത്. ഇതിനെല്ലാം ആധാരമായ ശക്തി നമ്മുടെ തന്നെ കരങ്ങളിലാണ് നിക്ഷിപ്തമായിരിക്കുന്നതെന്ന പൂർണ്ണബോധ്യത്തോടെ വോട്ടവകാശം വിനിയോഗിക്കാൻ നമുക്ക് സാധിക്കണം.

ഇത്തവണ വോട്ട് ചെയ്യുന്നില്ല എന്ന് പറയുന്നവർ ഏറിക്കൊണ്ടിരിക്കുകയാണ്. ആര് ജയിച്ചാലും എനിക്ക് കാര്യമില്ല എന്ന ചിന്താഗതിക്കാരും കൂടികൊണ്ടിരിക്കുന്നു. ഒരു ക്രൈസ്തവൻ ഒരു ഉത്തമ പൗരൻ കൂടിയായിരിക്കണം. വോട്ടവകാശം യഥാർത്ഥത്തിൽ വിനിയോഗിക്കുന്നവനുമായിരിക്കണം. ക്രൈസ്തവന്റെ മീമാംസയുടെ അടിസ്ഥാന തത്വമെന്തായിരിക്കണമെന്ന് യേശുനാഥൻ അരുളി ചെയ്തിട്ടുണ്ട്. "സീസറിനുള്ളത് സീസറിനും ദൈവത്തിനുള്ളത് ദൈവത്തിനും കൊടുക്കുക" (മത്താ. 22:21). ദൈവത്തിന്റെ അധികാരത്തിൽ രാഷ്ട്രവും രാഷ്ട്രീയപ്രസ്ഥാനങ്ങളും കൈകടത്തുമ്പോൾ അതിനെ ചോദ്യം ചെയ്യാനുള്ള ചങ്കൂറ്റം നമുക്കുണ്ടാകണം. രാഷ്ട്രത്തിന്റെ ന്യായമായ ആവശ്യങ്ങൾ അംഗീകരിക്കുവാനും സംരക്ഷിക്കുവാനും നമുക്ക് സാധിക്കണം. വർഗ്ഗീയതയും തീവ്രവാദവും ശക്തമായിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ജനാധിപത്യം ഏകാധിപത്യത്തിനു വഴിമാറുമോയെന്ന് ആശങ്കപ്പെടുന്ന ഈ അവസരത്തിൽ രാഷ്ട്രീയത്തിൽ ക്രിയാത്മകമായി ഇടപെടാനുള്ള ക്രിസ്തീയ ദൗത്യം സ്വീകരിക്കുവാൻ നമുക്ക് സാധിക്കണം. പള്ളിക്കും വിശ്വാസിക്കും ഒപ്പമാണ് ഞാൻ എന്ന ധാരണ ഉയർത്തി, വടക്കെ ഇന്ത്യയുടെ ഒട്ടുമിക്ക സംസ്ഥാനങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ക്രൈസ്തവർക്കു നേരെയുള്ള ആക്രമണങ്ങളെ കണ്ടില്ലെന്ന് നടിക്കുകയും അതിനെ മൗനമായി ന്യായീകരിക്കുകയും ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങളെയും സ്ഥാനാർത്ഥികളെയും വർഗ്ഗീയ ചിന്താഗ

തിക്കാരെയും തിരിച്ചറിയാൻ ഓരോ ക്രൈസ്തവനും സാധിക്കണം. വടക്ക് കിഴക്കൻ സംസ്ഥാനങ്ങളിൽ അന്യായമായി കേസുകളിൽപ്പെടുത്തി ജാമ്യം പോലും കിട്ടാതെ പീഢിപ്പിക്കപ്പെടുന്ന വൈദികരും സന്യാസിനീസന്യാസികളും അത്മായരും ധാരാളം ഉണ്ടെന്ന സത്യം നമുക്ക് മറക്കാതിരിക്കാം. തകരുന്ന വ്യവസായ സ്ഥാപനങ്ങളും ബിസിനസ്സുകളും മൂലം തൊഴിൽ നഷ്ടപ്പെട്ട് വലയുന്നവരും നാടുവിടുന്നവരും വിലകയറ്റം മൂലം നട്ടം തിരിയുന്ന കുടുംബങ്ങളും നമുക്കു ചുറ്റും ഉണ്ടെന്ന വസ്തുത വിസ്മരിച്ചുകൂടാ. വന്യജീവി ആക്രമണങ്ങളാൽ മരിച്ചു വീഴുന്നവരും വന്യജീവികളുടെ ആക്രമണത്തിൽ കൃഷിചെയ്യാൻ സാധിക്കാതെ വലയുന്നവരും സാമ്പത്തിക തട്ടിപ്പുക്കാരാൽ കഷ്ടപ്പെട്ട് ഉണ്ടാക്കിയ പണം നഷ്ടപ്പെട്ട് ജീവിതം അവസാനിപ്പിക്കുന്നവരും അതിന്റെ ദുരിതം അനുഭവിക്കുന്നവരും ഏറിക്കൊണ്ടിരിക്കുന്നു. ഇതൊന്നും അറിഞ്ഞില്ലെന്ന മട്ടിൽ നിൽക്കുന്നവരെയും അവരുടെപ്രസ്ഥാനങ്ങളെയും തിരിച്ചറിയുവാൻ ഓരോ വോട്ടർക്കും കഴിയട്ടെ.

നിങ്ങൾ സർപ്പങ്ങളെപ്പോലെ വിവേകികളും പ്രാവുകളെപ്പോലെ നിഷ്കളങ്കരുമായിരിക്കുവിൻ (മത്താ. 10:16) എന്ന തിരുവചനം ഓരോ ക്രൈസ്തവന്റെയും കാതുകളിൽ എന്നെന്നും മുഴങ്ങട്ടെ.

**പത്രാധിപസമിതി**

# വലിയ ഇടയന്റെ ശബ്ദം




കുരിശിലാണ് യഥാർത്ഥ ദൈവ മഹത്വം വെളിപ്പെടുന്നത്:

**: ഫ്രാൻസീസ് പാപ്പ**

യഥാർത്ഥ സന്തോഷവും ദൈവമഹത്വവും മനുഷ്യന്റെ വിജയത്തിലൂടെയോ പ്രശസ്തിയിലൂടെയോ ബഹുജനസമ്മിതിയിലൂടെയോ അല്ല വെളിപ്പെടുന്നതെന്ന് ഫ്രാൻസീസ് പാപ്പ. കുരിശിലാണ് യഥാർത്ഥ ദൈവമഹത്വം യഥാർത്ഥമായി വെളിപ്പെടുന്നതെന്ന് പാപ്പ പറഞ്ഞു. കുരിശുമരണം പരാജയമാണെന്നും ഉത്ഥാനത്തിലാണ് ദൈവം മഹത്വപ്പെടുന്നതെന്നും നാം ചിന്തിച്ചേക്കാം. എന്നാൽ തന്റെ പീഢാസഹനങ്ങളെക്കുറിച്ച് യേശു ഇപ്രകാരം പറയുന്നു. മനുഷ്യപുത്രൻ മഹത്വപ്പെടാനുള്ള സമയമായിരിക്കുന്നു (യോഹ.12:23). സ്വജീവൻ നൽകുന്ന സ്നേഹമാണ് ദൈവത്തിന്റെ മഹത്വമെന്നും പാപ്പ വ്യക്തമാക്കി.

## ഇടയസ്വരം



സ്നേഹിതരേ,

നമ്മുടെ മക്കളുടെ അവധിക്കാലമാണ്. എങ്കിലും ട്യൂഷനും മറ്റ് ഒരുക്ക ക്ലാസ്സുകളും വിവിധ കോഴ്സുകളിലേക്കുള്ള entrance exams ഉണ്ട്. വേദപാഠ വിദ്യാർത്ഥികൾക്കുള്ള അവധിക്കാല ക്ലാസ്സുകളും ഉണ്ട്.

അവധിക്കാലത്ത് സാധിക്കുന്ന കുട്ടികളെയെല്ലാം വിശുദ്ധ കുർബാനക്ക് പറഞ്ഞയക്കാൻ മാതാപിതാക്കൾ ശ്രദ്ധിക്കുക. അവർ പഠിച്ച വേദപാഠവും വചനങ്ങളും പ്രായോഗികമാക്കാനുള്ള കാലമാണ് അവധിക്കാലം. എല്ലാ ദിവസവും ട്യൂഷനും ക്ലാസ്സുമായിരുന്നല്ലോ, അതിനാൽ കുറച്ചു ദിവസം രാവിലെ ഉറങ്ങിക്കോട്ടെ എന്നു ചിന്തിക്കുന്ന മാതാപിതാക്കളും ഉണ്ട്. ഇത്രയും കാലം ട്യൂഷൻ കാരണം പള്ളിയിൽ പോകാൻ സാധിച്ചില്ലല്ലോ എന്ന് മറിച്ച് ചിന്തിക്കുന്നവരും ഉണ്ടാകാം. പഠനത്തിന്റെ പേരിൽ പല വീടുകളിലും ജപമാലകൾ ഇല്ലാത്ത അവസ്ഥ. വീടുകളിൽ മുതിർന്നവർ മാത്രം കൊന്ത ചൊല്ലുന്ന അവസ്ഥ. എന്തിനാ അവരെ നിർബന്ധിക്കുന്നത്? ഇഷ്ടമുള്ളവർ ചൊല്ലിക്കോ, എന്ന മരുമക്കളുടെ ശൈലി ഒരിക്കലും ജപമാലയിൽ സംബന്ധിക്കാത്ത യുവജനങ്ങളിൽ പലരും, ഏറെ നേരം മൊബൈലിൽ ചിലവഴിക്കുന്ന യുവതികൾ. പല തരത്തിലും വിശ്വാസ ജീവിതത്തെ പടുത്തുയർത്തേണ്ടവർ നിസംഗത എന്ന അന്ധകാര അവസ്ഥയെ സ്വയം ആശ്ലേഷിക്കുന്നു. എവിടെ നമ്മുടെ പരാജയം! സീറോ മലബാർ സഭയിൽ $1\frac{1}{2}$ ലക്ഷത്തോളം യുവജനങ്ങൾ വിവാഹത്തിന് അനുയോജ്യരായ പങ്കാളികളെ ലഭിക്കാതെ കുടുംബജീവിതത്തിലേക്ക് പ്രവേശിക്കാൻ സാധിക്കാതെ നിൽക്കുന്നു. വചനം മക്കളെ വായിപ്പിക്കുന്നതിലോ, വേദപാഠം പഠിപ്പിക്കുന്നതിലോ, പള്ളിയിൽ പറഞ്ഞയക്കുന്നതിലോ താത്പര്യം എടുക്കാതെ മധ്യപ്രായ



മായ മാതാപിതാക്കൾ, കുട്ടി ദുശ്ശീലങ്ങൾക്കടിമയാണ്, ജോലി കിട്ടിയിട്ടില്ല, കുഞ്ഞുങ്ങളുണ്ടായിട്ടില്ല, വിവാഹം നടക്കുന്നില്ല, മദ്യപാനം മയക്കുമരുന്നിനടിമ എന്നെല്ലാം പ്രയാസങ്ങളും പങ്കുവയ്ക്കുന്നവരുണ്ട്.

എവിടെയെങ്കിലും ഇതിന്റെ കാരണങ്ങളും കിടക്കുന്നുണ്ടാകും. കുടുംബജീവിതത്തിൽ ഉണ്ടാകാൻ പാടില്ലാത്ത, പ്രവേശിപ്പിക്കാൻ പാടില്ലാത്ത പല ദുഷ്ചെയ്തികളിലും വീണ്, മക്കൾക്ക് ഒരു മാതൃകയോ, നേതൃത്വമോ, നേർവഴിയോ, നൽകാതെ പേരിനുമാത്രമുള്ള ആചാരങ്ങളുടെ അവശിഷ്ടങ്ങളായി നാം മാറുന്നുണ്ട്. ശ്രദ്ധിച്ചാൽ രക്ഷ പ്രാപിക്കാം.

ഇലക്ഷൻ വരുന്നു. ഇന്ത്യയിലെ ക്രൈസ്തവർക്ക് ഒരു ഗ്യാരണ്ടിയും നൽകാൻ ഇന്ത്യയുടെ പ്രധാനമന്ത്രിക്ക് സാധിക്കുന്നില്ല. കേരളത്തിൽ പല പ്രാവശ്യം വന്നുപോകുന്നു. മണിപ്പൂരിലേക്ക് എത്തിനോക്കിയിട്ടില്ല. വോട്ടിനു പോകുമ്പോൾ, നഗ്നയാക്കി നടുറോട്ടിലൂടെ അടിച്ചോടിക്കുന്ന ഭാരത ഗ്യാരണ്ടിയുടെ ക്രൂരതയെ മനസ്സിലാക്കുക, വിശപ്പ്, മരുന്ന്, ഭക്ഷണം, വസ്ത്രം, ഭവനം ഒന്നും ഇല്ലാതെ നശിപ്പിക്കപ്പെടുന്ന മർദ്ദിക്കപ്പെടുന്ന സമൂഹത്തെ ഓർക്കണം. സ്റ്റാൻസ്വാമിയെന്ന പുരോഹിതനെ ഭക്ഷണം നൽകാതെ ജയിലിൽ ഇട്ട് കൊന്നത് ഓർക്കണം. കാണ്ഡമാൽ അക്രമത്തെ ഓർക്കണം, ആസാമിൽ ക്രൂശിതരൂപമോ കുടുംബപ്രാർത്ഥനയോ പാടില്ല എന്ന് പറയുന്ന ക്രൂരതയുടെ മുഖമുള്ള പാർട്ടിയെ ഓർക്കണം. മദർ തെരേസയുടെ ഭവനങ്ങളെ നിർബന്ധിതമായി അടച്ചുപൂട്ടി, അവശരായവരെ ആട്ടിപായിക്കുന്നതും അവരുടെ ബാങ്ക് അക്കൗണ്ടുകൾ ബ്ലോക്ക് ചെയ്യുന്ന ഭീകരതയെ ഓർക്കണം. ഗുജറാത്ത് കലാപത്തിൽ കൊല്ലപ്പെട്ടവരെ ഓർക്കണം. അതിന് നേതൃത്വം നൽകിയവരെ ഓർക്കണം. ഗ്രഹാംസ്റ്റെയിൻസിനെയും മക്കളെയും വാഹനത്തിനുള്ളിൽ ചുട്ടുകരിച്ചവരെ ഓർക്കണം. ജഡ്ജിമാരെ സ്ഥാനമാനങ്ങൾ നൽകി മോഹിപ്പിച്ച് വിധികൾ തങ്ങൾക്കനുകൂലമാക്കുന്നവരെ തിരിച്ചറിയണം. ഇ.ഡി. എന്ന ചെന്നായ്ക്കളെകൊണ്ട് ജനപ്രതിനിധികളെ ജയിലിലടക്കുന്ന ജനാധിപത്യത്തെ കശാപ്പുചെയ്യുന്ന നെറികെട്ട രാഷ്ട്രീയക്കാരെ ഓർക്കണം. ഗൾഫ് രാജ്യങ്ങളിലും യൂറോപ്പിലും അമ്പലങ്ങൾ പണിത് സ്വതന്ത്രരായി ഹൈന്ദവർക്ക് ആരാധനാ സ്വാതന്ത്ര്യം നൽകുമ്പോൾ ഇവിടെയുള്ള ക്രൈസ്തവ ദേവാലയങ്ങളെ നശിപ്പിക്കുന്നവരെ ഓർക്കണം. ഭാരതത്തിന്റെ വേദപുസ്തകമായ ഭരണഘടനയെ തകർക്കാനും മാറ്റിയെഴുതാനും വരുന്ന ആട്ടിൻ തോലിട്ട ചെന്നായ ആരാണെന്ന് തിരിച്ചറിഞ്ഞ് വോട്ടു ചെയ്യുവാൻ എല്ലാവർക്കും സാധിക്കട്ടെ.

*വികാരിയച്ചൻ*



## കൊച്ചച്ചൻ സംസാരിക്കുന്നു

# എപ്പോഴും കൂടെയുള്ള ഈശോ

തിരുഹൃദയനാഥന് ഏറ്റവും പ്രിയപ്പെട്ട പെരിഞ്ചേരി ഇടവകയിലെ കൂട്ടുകാരെ.... ഉയിർപ്പ് തിരുനാളിന്റെ മംഗളങ്ങൾ എല്ലാവർക്കും ആശംസിക്കുന്നു. എല്ലാവരും വി. കുർബാന കഴിഞ്ഞ് ഉയിർത്തെഴുന്നേറ്റ ഈശോയുടെ തിരുസ്വരൂപത്തിന് മുമ്പിൽ പ്രാർത്ഥിച്ച് വണങ്ങിയാണല്ലോ പോകുന്നത്? ഉയിർത്തെഴുന്നേറ്റ ഈശോയ്ക്ക് ഒരു പ്രത്യേകതയുണ്ട്; അത് എന്താണെന്ന് അറിയാമോ? എപ്പോഴും എവിടെയും ഏത് രൂപത്തിലും പ്രത്യക്ഷപ്പെടാം! അനേകം വിശുദ്ധരുടെ ജീവിതത്തിൽ ഈശോ പ്രത്യക്ഷപ്പെട്ട അനുഭവങ്ങളെ കുറിച്ച് നിങ്ങൾ വായിച്ചിട്ടില്ലേ... നമ്മുടെ തൊട്ടടുത്ത് ഒല്ലൂരിലുള്ള, നമ്മുടെ സ്വന്തം വിശുദ്ധ, എവുപ്രാസ്യാമ്മയ്ക്ക് ഒരിക്കൽ ഈശോ പ്രത്യക്ഷപ്പെട്ട് കയ്യിൽ മോതിരം അണിയിച്ച് കൊടുത്തിട്ടുള്ള കാര്യം വിശുദ്ധയുടെ അനുഭവ കുറിപ്പിൽ നിന്നും നിങ്ങൾ വായിച്ചിട്ടില്ലേ?

"ആഴ്ച്ചയുടെ ആദ്യ ദിവസമായ അന്ന് വൈകിട്ട് ശിഷ്യൻമാർ യഹൂദരെ ഭയന്ന് കതകടച്ചിരിക്കേ, യേശു വന്ന് അവരുടെ മദ്ധ്യേ നിന്ന് അവരോടു പറഞ്ഞു: നിങ്ങൾക്കു സമാധാനം" (യോഹ. 20:19).

കതകടച്ചിരിക്കേയാണ് യേശു വന്ന് അവരുടെ മദ്ധ്യേ നിന്നത്. ഉയിർപ്പിന് ശേഷം മഹത്വപൂർണ്ണമായ യേശുവിന്റെ ശരീരം സ്ഥലകാല പരിമിതകളില്ലാത്തതാണെന്ന് കത്തോലിക്ക സഭയുടെ മതബോധനഗ്രന്ഥം (645) നമ്മെ പഠിപ്പിക്കുന്നു.

പ്രിയ കൂട്ടുകാരേ, ഉയിർത്തെഴുന്നേറ്റ ഈശോയ്ക്ക് നമ്മുടെ കൂടെ എപ്പോഴും എവിടെയും ഉണ്ടായിരിക്കാൻ സാധിക്കും. ഈശോയ്ക്ക് മാത്രമാണ് എപ്പോഴും നമ്മെ സംരക്ഷിക്കുവാൻ സാധിക്കുന്നത്. നമ്മുടെ മാതാപിതാക്കൾക്കോ, സഹോദരങ്ങൾക്കോ, കൂട്ടുക്കാർക്കോ എപ്പോഴും നമ്മുടെ കൂടെ ഉണ്ടായിരിക്കാൻ സാധിക്കില്ലല്ലോ? അതുകൊണ്ട് ഈശോയുടെ സംരക്ഷണം തേടി നമുക്ക് പ്രാർത്ഥിക്കാം. മറ്റൊരു കാര്യം, ഈശോയിൽ നിന്ന് നമുക്ക് ഒന്നും മറച്ചുവയ്ക്കാൻ സാധിക്കില്ല കേട്ടോ! ആരും കാണില്ലെന്ന് വിചാരിച്ച് നമ്മൾ ചെയ്യുന്നതെല്ലാം ഈശോ കാണുന്നുണ്ട് എന്ന് ഓർക്കണം. നമുക്ക് ഈശോയോട് വിശ്വസ്തരായിരിക്കാം. ഈശോ തന്നെ അതിന് നമ്മെ അനുഗ്രഹിക്കട്ടെ.

എന്ന് സ്നേഹം നിറഞ്ഞ
ജിന്റോ അച്ചൻ



# തിരുഹൃദയനാഥന് നന്ദി....

1. തിരുഹൃദയനാഥനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ജോലി നൽകി അനുഗ്രഹിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് - **ജ്യോതിസ് ജോർജ്ജ്, പ്രത്യാശ ജോൺ പെരിഞ്ചേരി, മിൻസി, ലിസി പൗലോസ്, അഞ്ജു, എഗ്ന, പ്യാരി വർഗ്ഗീസ്, ജോസഫ് മൂക്കൻ അവിണിശ്ശേരി, ജോസഫ് അഞ്ചേരി**
2. തിരുഹൃദയത്തിന്റെ അനുഗ്രഹത്താൽ രോഗസൗഖ്യം നൽകി അനുഗ്രഹിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് - **അഞ്ജു വല്ലച്ചിറ, എൽസി റപ്പായി ചെവ്വൂർ, സിൽമ ജിയോ, മേരി വർഗ്ഗീസ്, മേഴ്സി**
3. ഏഴു ഡോക്ടർമാരുടെ അടുക്കൽ മാറിമാറി ചികിൽസിച്ചിട്ടും 5 വർഷമായി വിട്ടുമാറാത്ത അരിമ്പാറ ഈശോയുടെ തിരുഹൃദയത്തോട് നിയോഗം വച്ച് പ്രാർത്ഥിച്ചതിന്റെ ഫലമായി പൂർണ്ണമായി മാറികിട്ടിയതിന് ആയിരമായിരം നന്ദി അർപ്പിച്ചുകൊണ്ട് - **ജിജി മരത്താക്കര**
4. ഭവനം നൽകി അനുഗ്രഹിച്ച തിരുഹൃദയനാഥന് നന്ദി പറഞ്ഞുകൊണ്ട് - **ഓമന വല്ലിശ്ശേരി**
5. കള്ളക്കേസിൽ കുടുങ്ങി 6 ദിവസം ജയിലിൽ കിടക്കുകയും, എന്നാൽ കുടുംബം മുഴുവൻ തിരുഹൃദയനാഥനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി മോചനം കിട്ടിയതിന് നന്ദി പറഞ്ഞുകൊണ്ട് - **തോമസ് ഒല്ലൂർ**
6. ഡ്രൈവിംഗ് ലൈസൻസ് ലഭിച്ചതിന് ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് - **അൽജോ, റാഫേൽ അമ്മാടം**
7. തിരുഹൃദയനാഥനോട് പ്രാർത്ഥിച്ചതിന്റെ ഫലമായി ഭർത്താവിന് യൂറോപ്പിൽ ജോലി വിസയിൽ പോകാൻ സാധിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് - **ഡോൾസി പെരിഞ്ചേരി**
8. യൂറോപ്പിലേക്ക് പോകാനുള്ള പരീക്ഷ പാസ്സായതിന് തിരുഹൃദയനാഥന് നന്ദി പറഞ്ഞുകൊണ്ട് - **ജിപ്സ ജോസഫ് വെങ്ങിണിശ്ശേരി**
9. മകന്റെ വിവാഹം മംഗളകരമായി നടത്തി തന്നതിന് തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് - **ഡെയ്സി**
10. ചേച്ചിയുടെ മകൾ സോനയ്ക്ക് പെൺകുഞ്ഞിനെ തന്ന് അനുഗ്രഹിച്ച ഈശോയുടെ തിരുഹൃദയത്തോട് നന്ദി പറഞ്ഞുകൊണ്ട് - **ഷീജി ഡേവിസ്**
11. പരിശുദ്ധ അമ്മയോടും തിരുഹൃദയത്തോടും പ്രാർത്ഥിച്ചതിന്റെ ഫലമായി മകൻ സോനുവിന് അമേരിക്കയിൽ പോകുവാൻ സാധിച്ചതിന് നന്ദി പറഞ്ഞുകൊണ്ട് - **ടെസ്സി**



# Greetings

## HAPPY BIRTHDAY

ഏപ്രിൽ മാസത്തിൽ
ജന്മദിനം ആഘോഷിക്കുന്ന
നമ്മുടെ ഇടവകയിലെ
സമർപ്പിതർ


ഫാ. ജിജോ വള്ളൂപ്പാറ
04/04


ബ്രദർ ജിന്റോ
മഞ്ഞളി
28/04


സി. ആൻലിയ FCC
05/04


സി. സച്ചിത FCC
10/04

## HAPPY FEAST

ഏപ്രിൽ മാസത്തിൽ
നാമഹേതുക തിരുന്നാൾ
ആഘോഷിക്കുന്ന നമ്മുടെ
ഇടവകയിലെ സമർപ്പിതർ


സി. മരിയ
ജെമ്മ SMC
11/04


ബ്രദർ ബ്ലസൻ
കല്ലൂക്കാരൻ
23/04

## വിശുദ്ധരുടെ ശബ്ദം



"നിങ്ങളുടെ വാളും എന്റെ രക്തം
കൊണ്ട് മലിനമാക്കിക്കൊള്ളുക;
എന്നാൽ ക്രിസ്തുവിന് പ്രതിഷ്ഠിതമായ
എന്റെ ശരീരത്തെ നിങ്ങൾക്ക്
മലിനമാക്കാൻ കഴിയുകയില്ല."

**വി. അമ്മ ത്രേസ്യ**

കവിത

# കുരിശിൻ മഹത്വം

കുരിശിൻ രശ്മി തിളക്ക ജ്വാലയായ്
എന്നാത്മ നയനങ്ങളെ ജ്വലിപ്പിച്ച്
പഠിപ്പിച്ചു സഹനം ലാഭമാണെന്ന്
ഗ്രഹിച്ചു ഞാൻ കുരിശ് ശക്തിയാണെന്ന്
ശാപഗ്രസ്ത ചിഹ്നമായ് കരുതിയ
കുരിശിനു ജീവൻ തെളിഞ്ഞു വന്നു
ജീവന്റെ നാഥൻ കുരിശേറിയപ്പോൾ
രക്ഷാകര ചിഹ്നമായ് മാറി വന്നു.
കുരിശുകൾ മോദമൊടു സ്വീകരിച്ചാൽ
ദുഃഖവെള്ളി ഉയിർപ്പു ഞായറിനാൽ
മഹത്വത്തിൻ തേരേറിയതു പോൽ
മമ ജീവിതവും മഹത്വമേറീടും
മനുജപാപം ക്രൂശിൽ തറച്ചപ്പോൾ
നിഷ്കളങ്ക രക്തം കൊണ്ടതു കഴുകി
വെട്ടിത്തിളങ്ങുമധിവെൺമയോടെ
ഉയിർപ്പിൻ പ്രകാശം ജ്വലിച്ചു നിന്നു.



കുരിശിലേക്കൊന്നു ഞാൻ കൺമിഴിച്ചു
എൻ പാപങ്ങളൊരു ചുറ്റികയായ്
വീണ്ടുമെൻ നാഥനെ തറയ്ക്കുന്നയ്യോ!
ഞാനെത്രയോ പാപി; ഘോരപാപി
നാഥാ ഞാൻ തെളിയണം ശുദ്ധിയിൽ
തൂമഞ്ഞുപോലധിവെൺമയിൽ
നാഥാ ഞാൻ ലയിച്ചിടുമങ്ങയിൽ
വാനദൂത നിരതൻ പെരുമയിൽ

ഫ്രാൻസീസ് മുത്തിപീടിക
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്


കവിത

# വി. സെബസ്ത്യാനോസിന്റെ അപേക്ഷ

ഈശോ നാഥാ അങ്ങേ മഹത്വത്തിനായി സർവ്വതും
ത്യജിച്ചു ഞാൻ തിരുഹൃദയമേ
എല്ലാ അധരങ്ങളും ഹൃദയവും അങ്ങയെ സ്തുതിച്ച്
കീഴ്പ്പെടാൻ
അമ്പുകളാൽ തറയ്ക്കപ്പെട്ട് മരിച്ചു ജീവിച്ചു
വീണ്ടും ഞാൻ മരിച്ചു
എന്റെ ദൈവമേ തിരുഹൃദയമേ അങ്ങു വാഴും
പെരിഞ്ചേരിയിൽ, തിരുനാൾ ആഘോഷത്തിൽ
എന്നെ ചെറുതാക്കണമേ
കിഴക്ക് പടിഞ്ഞാറ് തെക്ക് വടക്ക് ദേശങ്ങൾ
വാദ്യാഘോഷത്തോടെ വരും കിരീടവുമായ്
തിരുഹൃദയതിരുനാൾ എന്നു തുടങ്ങും ഈശോ
വട്ടത്തിൽ കറങ്ങുന്നതും ഉയരത്തിൽ പൊങ്ങുന്ന ഊഞ്ഞാലും
വലിയ കിണറായ മരണകിണറും മറ്റും കൺകുളിർക്കെ
കാഴ്ചകളുമായ് കാണാൻ, ജനക്കൂട്ടത്താൽ നിറയും
തിരുഹൃദയ തിരുനാൾ എന്നു തുടങ്ങും ഈശോ
റപ്പായേൽ മാലാഖ, കൊരട്ടിമുത്തി, വിശുദ്ധ അന്തോണീസ്
തിരുനാൾ ദിനങ്ങൾ
മഴയെ ഭയപ്പെടും വിശ്വാസികൾ ഓർക്കാതെ പോകുന്നതെന്തേ
എനിക്കായ് തെല്ലും സ്ഥലം നൽകാനില്ലാത്ത
വിശ്വാസി സമൂഹമേ
യേശുവിൻ ശിഷ്യനായ എന്റെ തിരുനാൾ ഗംഭീരമാക്കാതെ
തീർത്ഥാടനകേന്ദ്രമായ തിരുഹൃദയത്തിൻ
തിരുനാൾ അതിഗംഭീരമാക്കി എന്നെ സന്തോഷിപ്പിക്കണമേ
യേശുവിൽ വിശ്വസിക്കുന്നതിൽ അഭിമാനപൂരിതമാകണം
അന്തഃരംഗം
തിരുഹൃദയതിരുനാളെന്നു കേട്ടാൽ തിളക്കണം
ചോര ഞരമ്പുകളിൽ

ഡേവിസ് പുത്തൂർ
സെന്റ് ജോർജ്ജ് യൂണിറ്റ്

ആരോഗ്യവേദി



# വൃക്കയിലെ കല്ല് / കിഡ്നി സ്റ്റോൺ

### കാരണങ്ങളും ലക്ഷണങ്ങളും

രക്തത്തിലെ മാലിന്യങ്ങളെ അരിച്ചുനീക്കി ശരീരത്തെ ആരോഗ്യത്തോടെ നിലനിർത്തുന്ന വൃക്കകളിലുണ്ടാകുന്ന പ്രശ്നങ്ങളെ വലിയ പ്രാധാന്യത്തോടെ കാണേണ്ടതുണ്ട്. ശരീരത്തിന് വളരെ അത്യാവശ്യം വേണ്ട ഘടകങ്ങളാണ് ധാതുക്കളും ലവണങ്ങളുമൊക്കെ. ഇവ ശരീരത്തിന് ആവശ്യമുള്ള അളവിൽ ഉപയോഗിച്ച് ബാക്കിയുള്ളത് വൃക്കകൾ അരിച്ചു മാറ്റി മൂത്രത്തിലൂടെ ശരീരത്തിന്റെ പുറത്തേക്ക് പോകുകയാണ് പതിവ്. ഈ സമയത്ത് കാൽസ്യം, ഫോസ്ഫേറ്റ്, യൂറിക് ആസിഡ് തുടങ്ങിയ ലവണങ്ങളുടെ ചെറിയ തരികൾ വൃക്കയിൽ പരലുകളായി രൂപപ്പെടുന്നു. ഇത്തരം പരലുകൾ ഒന്നിച്ച് ചേർന്ന് കട്ടിയേറിയ വസ്തുവായി മാറും. ഇവ വൃക്കകളിൽ രൂപപ്പെട്ട് മൂത്രവാഹിനിക്കുഴലിലേക്കും മൂത്രസഞ്ചിയിലേക്കുമൊക്കെ എത്താൻ സാധ്യതയുണ്ട്. ഇത്തരത്തിൽ വൃക്കകളിലോ മൂത്രവാഹിനിക്കുഴലിലോ മൂത്രസഞ്ചിയിലോ കാണപ്പെടുന്ന കട്ടിയേറിയ വസ്തുക്കളെയാണ് കല്ലുകൾ എന്ന് പൊതുവേ പറയുന്നത്.

**ലക്ഷണങ്ങൾ**

വേദനയാണ് പ്രധാന ലക്ഷണം. പെട്ടെന്ന് പിൻഭാഗത്ത് വാരിയെല്ലുകളുടെ താഴെനിന്ന് അടിവയറ്റിലേക്ക് വേദന പടർന്നുകയറും. മൂത്രത്തിന്റെ അളവ് കുറയൽ, കല്ല് മൂത്രവാഹിനിക്കുഴലിലും മറ്റും ഉരയുന്നത് മൂലം മുറിവുണ്ടാകുമ്പോൾ മൂത്രത്തിൽ രക്തം കലരുക എന്നിവ പ്രധാന ലക്ഷണങ്ങളാണ്. മൂത്രത്തിൽ അണുബാധയും ചിലർക്ക് ഉണ്ടാകാറുണ്ട്.

**കാരണങ്ങൾ**

1. വെള്ളം കുടിക്കുന്നതിലുള്ള കുറവ്
2. ചൂട് കാലാവസ്ഥ – ചൂടാകുമ്പോൾ മൂത്രത്തിന്റെ അളവ് കുറയുകയും കട്ടി കൂടുകയും ചെയ്യുന്നു. ഇത് കല്ലുണ്ടാകാനുള്ള സാധ്യത കൂട്ടുന്നു.
3. ഭക്ഷണരീതിയിലെ മാറ്റങ്ങൾ – മാംസാഹാരം കഴിക്കുന്നതിന്റെ അളവ് കൂടുന്നത് കല്ലുണ്ടാകാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.
4. ചില രോഗങ്ങൾ – ശരീരത്തിൽ നിന്ന് കാൽസ്യം നഷ്ടപ്പെടുന്ന ഹൈപ്പർ കാൽസിയൂറിയ, ഹൈപ്പർപാരാ തൈറോയ്ഡിസം എന്നീ

രോഗങ്ങൾ കല്ല് രൂപപ്പെടാനുള്ള സാധ്യത വർദ്ധിപ്പിക്കുന്നു.

കല്ലുകൾ പല തരത്തിലുണ്ട്. കാൽസ്യം കല്ലുകൾ, യൂറിക്ആസിഡ് കല്ലുകൾ, സിസ്റ്റീൻ കല്ലുകൾ എന്നിവയാണ് പ്രധാനപ്പെട്ടത്. വേദന ഉണ്ടാകുമ്പോൾ മാത്രമാണ് പലരും കിഡ്നിയിൽ കല്ലുള്ള കാര്യം അറിയുന്നത്. വൃക്കയിൽ പരലുകൾ രൂപപ്പെടാൻ കൂടുതൽ സമയം എടുക്കാറുണ്ട്. എന്നാൽ പരലുകൾ രൂപപ്പെട്ടു കഴിഞ്ഞാൽ പിന്നെ കട്ടപിടിക്കുന്നതും വലുപ്പമാകുന്നതും വളരെ വേഗത്തിൽ നടക്കാം. അതിനാൽ കല്ല് കണ്ടെത്തിയാൽ ഇടയ്ക്ക് പരിശോധിച്ച് കല്ലിന്റെ വലിപ്പം നിർണ്ണയിക്കേണ്ടതാണ്. ചെറിയ കല്ലാണെങ്കിലും ചികിത്സിക്കാതെ വിടരുത്. കുറേനാൾ അത് വൃക്കയിൽ തങ്ങി നിന്നാൽ വൃക്കകൾക്ക് വീക്കം ഉണ്ടാകാൻ ഇടയാകുന്നു.

ധാരാളം വെള്ളം കുടിക്കുന്നത് ഒരു ശീലമാക്കുക. വേനൽകാലത്ത് പ്രത്യേകിച്ച് 2 മുതൽ 2½ ലിറ്റർ വരെ മൂത്രം പോകാൻ വേണ്ടത്ര അളവിൽ വെള്ളം കുടിക്കണം. ഭക്ഷണത്തിൽ പ്രോട്ടീന്റെയും ഉപ്പിന്റെയും അളവ് കുറയ്ക്കുക. കോളകൾ ഉൾപ്പെടെ കൃത്രിമ ശീതളപാനീയങ്ങൾ ഒഴിവാക്കുക. ഓറഞ്ച് ജ്യൂസ് കഴിക്കുന്നത് കാൽസ്യം ഓക്സലേറ്റ് കല്ലുകൾ ഉണ്ടാകാതിരിക്കാൻ സഹായിക്കും. ഞാവൽപ്പഴം യൂറിക് ആസിഡ് കല്ലുകൾ ഉണ്ടാകുന്നത് തടയും. മൂത്രം ഒഴിക്കാൻ തോന്നിയാൽ പിടിച്ചുനിർത്തുന്ന സ്വഭാവം ചിലർക്കുണ്ട്. ഇതും കിഡ്നിസ്റ്റോൺ ഉണ്ടാകാൻ കാരണമാകുന്നു.

വൃക്കയിലെ കല്ലുകളെക്കുറിച്ച് കൃത്യമായി അറിയാൻ എക്സ്റേ, അൾട്രാസൗണ്ട് സ്കാനിങ് എന്നീ പരിശോധനകളാണ് പ്രധാനമായും നടത്തുന്നത്. വൃക്കയിൽ കല്ലുണ്ടാകുന്നത് അണുബാധയ്ക്ക് കാരണമാകാറുണ്ട്. ഇത് രക്തപരിശോധനയിലൂടെ അറിയാവുന്നതാണ്. വൃക്കയിലെ കല്ലിനെ നിസ്സാരമായി കാണുന്നത് വൃക്കകൾ തകരാറിലാകാൻ ഇടയാക്കാം. രോഗലക്ഷണങ്ങൾ കണ്ടാലുടൻ കൃത്യമായ ചികിത്സ തേടണം. ഒരിക്കൽ കല്ല് നീക്കം ചെയ്താലും 50 ശതമാനം വ്യക്തികളിലും ശരാശരി 5 വർഷത്തിനുള്ളിൽ വീണ്ടും കല്ലുണ്ടാകുവാനുള്ള സാധ്യതയുണ്ട്. ജനിതകപരമായി കല്ലുകൾ ഉണ്ടാകുന്നതിനുള്ള സാധ്യതകളുണ്ടെങ്കിലും ജീവിതശൈലിയും ഭക്ഷണരീതിയുമാണ് ഒരു വ്യക്തിയിൽ കല്ലുണ്ടാകുന്നതിനുള്ള സാധ്യത വർദ്ധിപ്പിക്കുന്നത്.

**ഡോ. റിനി യൂജിൻ,**
സെന്റ് സേവ്യർ യൂണിറ്റ്
Mob: 9495739194

ലേഖനം

# കണ്ണുകൾ തുറന്നു !

കണ്ണുകളുടെ തുറവിയെയും അടവിനെയും പറ്റി വിശുദ്ധ ഗ്രന്ഥത്തിൽ പലയിടത്തും എഴുതപ്പെട്ടിട്ടുണ്ട്. "അവർ കണ്ടിട്ടും കാണുന്നില്ല, കേട്ടിട്ടും കേൾക്കുന്നില്ല" (ഏശ. 42-20). ഇവിടെ കാണാതെയല്ല, അതിന്റെ ശരിയായ അർത്ഥത്തിൽ ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. എന്താണതിന് കാരണം? "മർത്താ മർത്താ നീ പലതിനെക്കുറിച്ചും ഉത്കണ്ഠാകുലയും അസ്വസ്ഥയുമായിരിക്കുന്നു" (ലൂക്കാ 10-41). ലൗകികകാര്യങ്ങളിൽ വ്യഗ്രചിത്തരുമാണ്. അവർക്ക് ശരിയായ വിധം കാണാനും ഗ്രഹിക്കാനും കഴിയില്ല. ഉല്പത്തി 3:7 ൽ ഇങ്ങനെ എഴുതപ്പെട്ടിരിക്കുന്നു. "ഉടനെ ഇരുവരുടെയും കണ്ണുകൾ തുറന്നു."

ആദത്തിന്റെയും ഹവ്വായുടെയും കണ്ണുകൾ ദൈവത്തിന്റെ നേരെ തിരിഞ്ഞിരുന്നു. പാപം ചെയ്യാതെ നിർമ്മലമാനസരായ അവരുടെ കണ്ണുകൾ എപ്പോഴും ദൈവോന്മുഖമായിരുന്നു. എന്നാൽ നരകസർപ്പത്തിന്റെ പ്രലോഭനത്തിൽ കുടുങ്ങി ദൈവകല്പന നിരസിച്ച് പാപത്തിലേക്ക് നിപതിച്ചപ്പോൾ അവരുടെ കണ്ണുകൾ തുറന്നത് ലൗകിക വ്യഗ്രതയിലേക്കായിരുന്നു. "അത് തിന്നുന്ന ദിവസം നിങ്ങളുടെ കണ്ണുകൾ തുറക്കുമെന്നും നന്മയും തിന്മയും അറിഞ്ഞ് നിങ്ങൾ ദൈവത്തെപ്പോലെ ആകുമെന്നും ദൈവത്തിനറിയാം" (ഉല്പ. 3:5). നരകസർപ്പത്തിന്റെ വഞ്ചനയിൽ ആകൃഷ്ടരായി കണ്ണുകൾ തുറന്നപ്പോൾ, കാതുകൂർപ്പിച്ച് ഗ്രഹിച്ചപ്പോൾ മനുഷ്യവർഗ്ഗം പാപത്തിലേക്ക് നിപതിക്കാൻ കാരണമായി. അനന്തരഫലമായി അവരുടെ സന്തതി പരമ്പരകളായ നാമെല്ലാവരും ആ പാപത്തിന്റെ കറയുടെ പാരമ്പര്യാവകാശികളായി. അങ്ങനെ ഉത്ഭവപാപം നമ്മിൽ വാസമുറപ്പിച്ചു.

ഇന്നത്തെ ആധുനിക യുഗത്തിൽ ലോകത്തിന്റേതായ ലൗകികതയുടേതായ പ്രവർത്തികളിലേക്ക് എത്ര വേഗത്തിലാണ് നമ്മുടെ കണ്ണുകളും മനസ്സുകളും ഓടിയെത്തുന്നത്. നമ്മുടെ കണ്ണുകൾ തിന്മകളുടേതായ ലോകവിശേഷങ്ങളിലേക്ക് പെട്ടന്ന് തുറക്കുന്നു. കാണുന്നു, ഗ്രഹിക്കുന്നു, അതിലാണ്ടുപോകുന്നു. അപ്രകാരം ലോകത്തിന്റേതായി തീരുന്നവർക്ക് നന്മയുടെ വഴികൾ ഗ്രഹിക്കാൻ സാധിക്കുകയില്ല. "ആത്മീയ മനുഷ്യൻ ആത്മീയകാര്യങ്ങളിൽ മനസ്സുവയ്ക്കുന്നു. ഭൗതികമനുഷ്യൻ ഭൗതിക കാര്യങ്ങളിലും. ആത്മീയമനുഷ്യൻ പറയുന്നത് ഗ്രഹിക്കാൻ ഭൗതിക മനുഷ്യന് സാധ്യമല്ല."

നമ്മുടെ കണ്ണുകൾ ദൈവത്തിന്റെ നേരെയാണോ, അതോ ലൗകികമായ കാര്യങ്ങളുടെ നേരെയാണോ തുറന്നിരിക്കുന്നതെന്ന് ആത്മശോധന ചെയ്യാം. ആത്മീയരായി ജീവിക്കാൻ ആഗ്രഹിക്കുന്നെങ്കിൽ, യഥാർത്ഥത്തിൽ

ഒരു ക്രൈസ്തവവിശ്വാസിയാണെന്ന് ഉറപ്പോടെ പറയാൻ കഴിയണമെങ്കിൽ ദൈവവചനം പാലിച്ച് ജീവിക്കുന്നവരാകണം. ദൈവപുത്രനായ യേശു എല്ലാം നമ്മെ പഠിപ്പിച്ചിട്ടാണ് നമുക്ക് സ്ഥലമൊരുക്കാനായി സ്വർഗ്ഗീയ പിതാവിന്റെ വലതുഭാഗത്ത് ഉപവിഷ്ഠനായിരിക്കുന്നത്. യാതൊരു പാപവും ചെയ്യാത്ത തന്റെ ശരീരം ബലിയായി സമർപ്പിച്ച് നമ്മുടെ നഷ്ടപ്പെട്ടുപ്പോയ സ്വർഗ്ഗഭാഗ്യം വീണ്ടെടുത്തു തന്ന് പ്രത്യാശയോടെ നമ്മെ കാത്തിരിക്കുന്നത്.

"ഉചിതമായി പ്രവർത്തിച്ചാൽ നീയും സ്വീകാര്യനാവുകയില്ലേ. നല്ലത് ചെയ്യുന്നില്ലെങ്കിൽ പാപം വാതിൽക്കൽ തന്നെ പതിയിരുപ്പുണ്ടെന്ന് ഓർക്കണം. അത് നിന്നിൽ താല്പര്യം വച്ചിരിക്കുന്നു. നീ അതിനെ കീഴടക്കണം" (ഉല്പ. 4:7). സത്യത്തിന്റേയും നീതിയുടേയും നേരെ നമ്മുടെ കണ്ണുകൾ തുറക്കാം. ലൗകികതയുടെ നേരെ നമ്മുടെ കണ്ണുകൾ അടയ്ക്കാം. ലൗകികത എന്താണ്? അനീതി, ദുഷ്ടത, അത്യാഗ്രഹം, ഏഷണി, കലഹം, ധിക്കാരം, വെറുപ്പ്, വിദ്വേഷം, വഞ്ചന, കാപട്യം, അഹങ്കാരം, പൊങ്ങച്ചം, അവിശ്വസ്തത, മദ്യപാനം, വ്യഭിചാരം, ആലിചാരം, അസൂയ, സ്വാർത്ഥത എന്നിവയെല്ലാം അതിൽ ഉൾപ്പെടുന്നു.

നാം ഈ ലോകത്തിലാണെങ്കിലും ലോകമായകളിൽ മുഴുകാതെ ആത്മീയരായി ജീവിക്കാൻ സാധ്യമാണെന്ന് വിശുദ്ധാത്മാക്കൾ കാണിച്ചു തന്നിട്ടുണ്ട്. ലോകത്തോട് ഒത്തിരി ബലപ്രയോഗം നടത്തേണ്ടി വരും. "എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്ക് സാധിക്കും" (ഫിലി. 4:13). തിന്മയുടെ ശക്തികൾ ഹവ്വായെ പ്രലോഭിപ്പിച്ചതുപോലെ നമ്മെയും പ്രലോഭിപ്പിക്കാൻ താവളമടിച്ചിരിക്കുന്നു. ആത്മീയ ഇച്ഛാശക്തി ചോർന്ന് പോകുന്നത് നോക്കി തിന്മയുടെ ശക്തി നുഴഞ്ഞു കയറാൻ കോപ്പുകൂട്ടി നിൽക്കയാണ്. "സർപ്പത്തിൽനിന്നെന്നപ്പോലെ പാപത്തിൽ നിന്ന് ഓടിയകലുക. അടുത്ത് ചെന്നാൽ അത് കടിക്കും. അതിന്റെ പല്ലുകൾ സിംഹത്തിന്റെ പല്ലുകളാണ്. അത് ജീവൻ അപഹരിക്കും" (പ്രഭാ. 21:2).

നാമെല്ലാവരും നിത്യജീവൻ പ്രാപിക്കണമെന്നാണ് നമ്മെക്കുറിച്ചുള്ള ദൈവത്തിന്റെ പദ്ധതി. അതിനായി ദൈവരാജ്യം സ്ഥാപിക്കുവാനാണ് തന്റെ പുത്രനെ ലോകത്തിലേക്കയച്ചത്. പിതാവിന്റെ ഇഷ്ടം നിറവേറ്റാൻ വേണ്ടി ദൈവരാജ്യത്തിന്റെ മക്കളാകാം. സൂര്യകാന്തി പുഷ്പം സൂര്യനെ നോക്കുന്നതുപോലെ നമ്മുടെ നയനങ്ങൾ ദൈവത്തിലേക്ക് എപ്പോഴും തുറന്നിരിക്കട്ടെ.

**ഫ്രാൻസീസ് മുത്തിപീടിക**
സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്

## കിഡ്സ് കോർണർ



*"അങ്ങയുടെ വാക്കുകൾ*
*എനിക്ക് എത്ര മധുരമാണ്.*
*അവ എന്റെ നാവിന്*
*തേനിനെക്കാൾ മധുരമാണ്"*
(സങ്കീ. 119:103)

ഓഫീസ് ജോലി കഴിഞ്ഞ് വീട്ടിലെത്തിയപ്പോഴേക്കും ഉദ്യോഗസ്ഥയായ വീട്ടമ്മ തളർന്നിരുന്നു. ഒന്നു കിടന്നാൽ മതിയെന്നായിരുന്നു ബസ്സിലിരിക്കുമ്പോൾ അവരുടെ ചിന്ത. ഒരുവിധം വീട്ടിലെത്തി കട്ടിലിലേക്ക് വീഴുകയായിരുന്നു എന്നു പറയാം. അപ്പോഴാണ് ഫോൺ ശബ്ദിച്ചത്. മനസ്സാ ശപിച്ചുകൊണ്ട് വലിഞ്ഞു ചെന്ന് ഫോൺ എടുത്തു.

"ഹലോ" ഫോണിൽ ചിരപരിചിതമായ കേൾക്കാൻ കൊതിച്ചിരിക്കുന്ന ശബ്ദം. ശരീരം രോമാഞ്ചം കൊണ്ടു.

"ശാരി ഇതു ഞാൻ തന്നെ. അപ്രതീക്ഷിതമായി നാട്ടിൽ വരാൻ ഒരു ചാൻസു കിട്ടി. അരമണിക്കൂറിനകം വീട്ടിലെത്തും. നീ റെഡിയാകൂ. മറ്റെല്ലാം വന്നിട്ടു പറയാം."

ഫോൺ കട്ടായി. അവൾ ചാടി എഴുന്നേറ്റു. സിരകളിൽ കൂടി ഊർജ്ജതരംഗങ്ങൾ ചീറി പാഞ്ഞു. അങ്ങകലെ ജോലി ചെയ്യുന്ന ഭർത്താവിന്റെ തികച്ചും അപ്രതീക്ഷിതമായ വരവ്. ശാരി തുള്ളിച്ചാടി ഒരുങ്ങാൻ തുടങ്ങി. ഇനി ആലോചിക്കൂ. തളർച്ചയുണ്ടായതെങ്ങനെ? അത് മാറിയതെങ്ങനെ?

മനോനില മാറിയപ്പോൾ തളർച്ച ഊർജ്ജസ്വലതയായി മാറി. അപ്പോൾ നമ്മുടെ മനോനിലയാണ് പ്രാധാന്യമർഹിക്കുന്നത്. അതിനാൽ മനസ്സിനെ എപ്പോഴും ശുഭചിന്തകൾ കൊണ്ട് പരിപോഷിപ്പിക്കുക. ശുഭ ചിന്തകൾ വഴി രോഗങ്ങളെ പോലും കീഴടക്കാനാകും.

ഉണരുമ്പോൾ മുതൽ ശുഭചിന്തകൾ, ദൈവവചനങ്ങൾ, ദൈവിക ചിന്തകൾ മനസ്സിൽ ചേക്കേറാൻ അനുവദിക്കൂ. നമുക്കുണ്ടാകുന്ന മാറ്റം നമുക്ക് ശ്രദ്ധിക്കാം.

"കർത്താവിന്റെ ആത്മാവ് എന്റെ മേലുണ്ട്."

"എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും."

"കർത്താവ് എന്റെ ഇടയനാണ്."

"എന്റെ ദൈവം മഹത്വത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി നമുക്ക് ആവശ്യമുള്ളതെല്ലാം നല്കും."

വാക്കുകൾക്ക് ജീവൻ കെടുത്താനും ജീവൻ കൊടുക്കാനും കഴിയും. ശുഭമായ ചിന്തകൾ നമ്മുടെ മനസ്സിൽ നന്മയുടെ വാക്കുകൾ രൂപപ്പെടുത്തും. ശുദ്ധവും ശുഭവും പ്രതീക്ഷയും നിറഞ്ഞ ചിന്തകൾ കൊണ്ട് പുഞ്ചിരിക്കുന്ന മുഖത്തോടെ ജീവനേകുന്ന വാക്കുകൾ അപരനു വേണ്ടി നമുക്കു കരുതാം... ദൈവം അനുഗ്രഹിക്കട്ടെ.

**ഈശോയുടെ സ്വന്തം കൂട്ടുകാരി**

ഇപ്പോൾ

## "ഉയിർപ്പുകാലം"



നമ്മുടെ കർത്താവിന്റെ ഉയിർപ്പുതിരുനാൾ മുതൽ പന്തക്കുസ്താവരെയുള്ള ഏഴ് ആഴ്ചകളാണ് ഉയിർപ്പുകാലം. രക്ഷകന്റെ ഉത്ഥാനത്തിലൂടെ കൈവന്ന പുതുജീവനിൽ ആഹ്ലാദിക്കുന്നതിനുള്ള അവസരമാണിത്. ഈ ആഹ്ലാദത്തിന്റെ പ്രതിഫലനമാണ് ഈ കാലത്തിലെ പ്രാർത്ഥനകളിലും ഗീതങ്ങളിലും ഉള്ളത്. ഈശോമിശിഹായുടെ ഉത്ഥാനം, പാപത്തിന്റെയും മരണത്തിന്റെയും സാത്താന്റെയും മേൽ അവിടുന്നു വരിച്ച വിജയം, അതുവഴി ദോഷത്തിന്റെ ചിഹ്നമായ കുരിശ് രക്ഷയുടെയും മഹത്വത്തിന്റെയും ചിഹ്നമായി മാറുന്നത്, ഈശോയുടെ ഉയിർപ്പ് നമ്മുടെ ഉയിർപ്പിന്റെ അച്ചാരം, അവിടുത്തെ ഉയിർപ്പ് ക്രൈസ്തവ വിശ്വാസത്തിന്റെ അടിസ്ഥാനം തുടങ്ങിയവയാണ് ഈ കാലത്തിലെ പ്രധാന ചിന്താവിഷയങ്ങൾ. ഉയിർപ്പിന്റെ മഹിമ പ്രാപിക്കുവാൻ ഉത്ഥിതനായ ക്രിസ്തുനാഥൻ നമ്മെ അനുഗ്രഹിക്കട്ടെ.

# സഭാ വാർത്തകൾ



1. *ഈസ്റ്ററിന് കത്തോലിക്കാവിശ്വാസം സ്വീകരിക്കുവാൻ മലേഷ്യയിൽ തയ്യാറെടുക്കുന്നത് 1700 പേർ :* ഈ വർഷത്തെ ഉയിർപ്പുഞായർ ദിനത്തിൽ ആയിരത്തിയെഴുന്നൂറിലധികം മുതിർന്നവരാണ് മാമ്മോദീസ സ്വീകരിക്കുവാൻ തയ്യാറെടുക്കുന്നത്. ഇസ്ലാമിക ഭൂരിപക്ഷരാജ്യമായ മലേഷ്യയിൽ കത്തോലിക്കാവിശ്വാസം സ്വീകരിക്കുന്ന മുതിർന്നവരുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായതായി വത്തിക്കാൻ ന്യൂസ് റിപ്പോർട്ട് ചെയ്യുന്നു. മലേഷ്യൻ കത്തോലിക്കാസഭയുടെ വളർച്ചയാണ് കണക്കുകളിൽ നിന്നും വ്യക്തമാകുന്നത്.

2. *ദൈവദാസൻ മാർ ഇവാനിയോസിനെ പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പ ധന്യ പദവിയിലേക്ക് ഉയർത്തി :* ഇവാനിയോസിനെ കൂടാതെ 11 പേരുടെ നാമകരണ നടപടികൾക്ക് കൂടി പാപ്പ അനുമതി നൽകിയിട്ടുണ്ട്. കേരള ക്രൈസ്തവ സഭയിൽ, പ്രത്യേകിച്ചു മലങ്കര സുറിയാനി സഭയിൽ പുനഃരൈക്യപ്രസ്ഥാനത്തിലൂടെ ധീരമായ ആത്മീയ വിപ്ലവത്തിന് നേതൃത്വം കൊടുത്ത ശ്രേഷ്ഠ വ്യക്തിയാണ് സീറോ മലങ്കര സഭയുടെ പ്രഥമ ആർച്ച് ബിഷപ്പ് ദൈവദാസൻ ഗീവർഗ്ഗീസ് മാർ ഇവാനിയോസ്.

3. *ഇന്റർ നാഷണൽ മിഷൻ കോൺഗ്രസ് 2024 ഏപ്രിൽ 10 മുതൽ 14 വരെ തൃശൂർ തലോർ ജെറുസലേം ധ്യാനകേന്ദ്രത്തിൽവെച്ച് നടത്തപ്പെടും :* വിവിധ മിഷൻ മേഖലകളെ പരിചയപ്പെടുത്തുന്ന മിഷൻ എക്സിബിഷൻ, മിഷൻ ഗാതറിങ്ങുകൾ, സെമിനാറുകൾ, വിവിധ ഭാഷകളിലുള്ള ദിവ്യബലികൾ, സംഗീതനിശ എന്നിവയെല്ലാം മിഷൻ കോൺഗ്രസിൽ ഉണ്ടായിരിക്കും. മേജർ ആർച്ച് ബിഷപ്പ് മാർ റാഫേൽ തട്ടിൽ ഉദ്ഘാടനം നിർവ്വഹിക്കുന്ന മിഷൻ കോൺഗ്രസിൽ 27 ഓളം പിതാക്കന്മാരുടെ സാന്നിധ്യം ഉണ്ടായിരിക്കും.

4. *ദക്ഷിണാഫ്രിക്കയിൽ വീണ്ടും വൈദിക കൊലപാതകം :* വിശുദ്ധ കുർബ്ബാനക്കു തൊട്ടുമുമ്പ് വൈദികനെ വെടിവെച്ച് കൊലപ്പെടുത്തി. സെന്റ് പാട്രിക്സ് മിഷനറി സൊസൈറ്റി സമൂഹാംഗമാണ് ഫാ. വില്യം ബന്ദ. മാർച്ച് 13 ബുധനാഴ്ച രാവിലെ സാനീൻ തുപതായിലെ ഹോളിട്രിനിറ്റി കത്തീഡ്രലിലായിരുന്നു ദാരുണസംഭവം. ഏതാനും ദിവസം മുമ്പ് ദക്ഷിണാ

തിരുനാൾ ആശംസകൾ



സെന്റ് ജോർജ്ജ് യൂണിറ്റ്

# സ്വർഗ്ഗത്തിൽ 25–ാം പിറന്നാൾ

20.04.2024



മേലേടത്ത് ആന്റോ മകൻ

## മിന്റോ ആന്റോ

ജനനം : 13.08.1997 മരണം : 20.04.1999

അല്പം ഓർമകളും, വേർപാടിന്റെ വേദനകളും നിങ്ങൾക്ക് നൽകി ഞാൻ കടന്നുപോയപ്പോൾ
പ്രിയപ്പെട്ടവരെ ആശ്വസിക്കുവിൻ, ദൈവസന്നിധിയിൽ നമുക്ക് ഒരുമിക്കാം.

സ്നേഹസ്മരണയോടെ പപ്പ, അമ്മ, അമ്മമ്മ, നിന്റോ, സിന്റോ, ബിന്റോ

സെന്റ് പോൾ യൂണിറ്റ്

## 41 – ാം ചരമദിനം

20.04.2024





## ഇടപ്പിള്ളി ജോസഫ്
## മകൻ **റപ്പായി**

ജനനം : 08.09.1943   മരണം : 11.03.2024

"പിതാവിന്റെ അനുഗ്രഹം മക്കളുടെ ഭവനങ്ങളെ ബലവത്താക്കും.
*(പ്രഭാഷകൻ 3:9)*"

**സെന്റ് തോമസ് യൂണിറ്റ്**

*പ്രാർത്ഥനയോടെ :* **കുടുംബാംഗങ്ങൾ**

## 37 -ാം ചരമവാർഷികം

15.04.2024



# തെക്കിനിയത്ത് കുഞ്ഞാമര
# റപ്പായി മകൻ ജോസഫ്

ജനനം 06-05-1948 മരണം 15-04-1987

"പിതാവിന്റെ അനുഗ്രഹം മക്കളുടെ
ഭവനങ്ങളെ ബലവത്താക്കും." (പ്രഭാ.: 3:9)

സെന്റ് സേവ്യർ യൂണിറ്റ്



# 33-ാം
# ചരമ വാർഷികം
14.04.2024



കണ്ണംമ്പുഴ വള്ളൂപ്പാറ ലാസർ

## കുഞ്ഞിതോമൻ

ജനനം: 02.10.1922 മരണം: 14.04.1991

ലിറ്റിൽ ഫ്ളവർ യൂണിറ്റ്

# 12-ാം ചരമവാർഷികം

04.04.2024



## നെരേപറമ്പിൽ ഫ്രാൻസിസ് ലിൻസൺ (ജോസുട്ടൻ)

സ്വർഗ്ഗത്തിൽ നിന്ന് : 07.12.1989    സ്വർഗ്ഗത്തിലേയ്ക്ക് : 04.04.2012

നിശ്ചിതസമയത്തിനുമുമ്പ് ജോലി പൂർത്തിയാക്കുവിൻ,
യഥാകാലം ദൈവം നിങ്ങൾക്കു പ്രതിഫലം നൽകും (പ്രഭാ : 51-30)

[illegible]



## 10-ാം ചരമവാർഷികം

03.05.2024



### ആളൂര് കൊക്കൻ പൈലി
### ഭാര്യ **ആനി**

ജനനം: 20.07.1950

മരണം: 03.05.2014

---

നിങ്ങളുടെ പ്രാർത്ഥനയിൽ
എന്നെയും ഓർക്കണമെ.

സെന്റ് മേരീസ് യൂണിറ്റ്

## 5-ാം ചരമവാർഷികം

13.04.2024



തട്ടിൽ തൃക്കൂക്കാരൻ റപ്പായി

ഭാര്യ **റോസി**

ജനനം : 01.01.1949

മരണം : 13.04.2019

വിമലനാഥ യൂണിറ്റ്

"ഞാനാണ് പുനരുത്ഥാനവും ജീവനും എന്നിൽ
വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും"
(യോഹ. 11: 25)

പ്രാർത്ഥനാപൂർവ്വം മക്കളും പേരക്കുട്ടികളും

# പാവനസ്മരണയ്ക്ക്

ജീവിച്ചിരുന്നപ്പോൾ നിങ്ങൾ
എന്നെ സ്നേഹിച്ചു.
മരണശേഷവും നിങ്ങളുടെ
പ്രാർത്ഥനയിൽ എന്നെയും
ഓർക്കണമേ.
**St. Paul unit**



കുറ്റിക്കാട്ട് പൊറിഞ്ചു (late)

ഭാര്യ **കൊച്ചുത്രേസ്യ**

ജനനം: 15 Aug 1933 | മരണം: 20 Mar 2024

# GROCERY HUB

**RICE & GROCERY**
**WHOLESALE & RETAIL**

MAIN ROAD, PERUMBILLISSERY
PH: 8891483600, 7293568533







**അരി പലചരക്ക് സാധനങ്ങൾ**
**മിതമായ നിരക്കിൽ മൊത്തമായും**
**ചില്ലറയായും ലഭിക്കുന്നു**



സ്ഥാപിതം : 2013
സാധുസംരക്ഷണ സംഘം കുറീസ് ലിമിറ്റഡ്, ഒല്ലൂർ
CIN - U65992 KL 2013 PLC034754
Reg. Office : D. No. 1/673, First Floor, Sadhu Samrakshana Samgham Building Complex, Ollur-680 306
0487 2358689 82 81 53 86 88 sadhuollur@gmail.com
Under The Chit Funds Act, 1982 (Central Act 40 of 1982) Dy. Registrar of Chits Thrissur Order No. DRGTSR/4434/2023-C1
25-ാം തിയ്യതി (No.4)
മാസക്കുറി
സല 300000
Chit No. 70
പ്രൈസ് സംഖ്യ 285000
തവണ സംഖ്യ 7500
7200
നറുക്കെടുപ്പ് 1
ലേലം 2
ആകെ തവണ 40
കമ്മീഷൻ
ആരംഭം : 2024 ഏപ്രിൽ 25
കുറിയിൽ ചേരുന്നവർക്ക് വിഷു കൈനീട്ടം
1st Prize
2nd Prize
6 മുതൽ 9 വരെ ആകർഷകരായ സമ്മാനങ്ങൾ
സംഘം ബോർഡ് ഓഫ് ഡയറക്ടേഴ്സ് 2023 - 2024


ആദ്യകുർബാന സ്വീകരണ
നിമിഷങ്ങളെ
രുചിരമാക്കാം
ORDER NOW
FREE DELIVERY @ 3 KM
ദേ.. കേക്ക്
:dhey_cake
Home made
Perinchery, Thrissur
8129240641
8086434531

ഫ്രിക്കയിലെ കള്ളിനനിൽ മൂന്ന് കോപ്റ്റിക് സന്യാസികൾ കൊല്ലപ്പെട്ടിരുന്നു.

5. *സ്ഥാനത്യാഗം ചെയ്യാൻ പദ്ധതിയില്ല ഫ്രാൻസീസ് പാപ്പ* : നിലവിൽ മാർപാപ്പ സ്ഥാനം ഒഴിയുവാൻ പദ്ധതിയില്ലായെന്ന് വ്യക്തമാക്കി ഫ്രാൻസീസ് പാപ്പ. ആരോഗ്യ പ്രതിസന്ധികളെ തുടർന്നു ഫ്രാൻസീസ് പാപ്പ സ്ഥാനത്യാഗം ചെയ്യാൻ സാധ്യതയുണ്ടെന്ന പ്രചാരണം സജീവമായിരിക്കെയാണ് ലൈഫ് മൈ സ്റ്റോറി ത്രു ഹിസ്റ്ററി എന്ന തന്റെ വരാനിരിക്കുന്ന ആത്മകഥയിൽ പാപ്പ ഇക്കാര്യം സൂചിപ്പിച്ചിരിക്കുന്നത്.

6. *വൈദിക പരിശീലനത്തെക്കുറിച്ച് നടത്തുന്ന ത്രിദിന പഠനശിബിരം* : കേരള കത്തോലിക്കാ മെത്രാൻ സമിതിയും തൃശൂർ പറോക് ഗവേഷണ കേന്ദ്രവും സംയുക്തമായി കേരളത്തിലെ മേജർ സെമിനാരികളിലെ വൈദിക പരിശീലനത്തെക്കുറിച്ചു നടത്തുന്ന ത്രിദിനപഠനശിബിരം തൃശൂർ മേരിമാതാ മേജർ സെമിനാരിയിൽ മാർച്ച് 17 മുതൽ 20 വരെ നടന്നു. കെസിബിസി അദ്ധ്യക്ഷൻ കർദ്ദിനാൾ മാർ ബസേലിയോസ് ക്ലിമിസ് കത്തോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. നിരവധി മെത്രാന്മാരും കേരളത്തിലെ 32 രൂപതാ പ്രതിനിധികളും വിവിധ മേഖലകളിലെ വിദഗ്ദരും ആറു മേജർ സെമിനാരികളുടെ പ്രതിനിധികളും പങ്കെടുത്തു.

7. *പൊന്തിഫിക്കൽ സമിതിയുടെ മുൻ അദ്ധ്യക്ഷൻ കർദ്ദിനാൾ പോൾ ജോസഫ് ദിവംഗതനായി* : 2016 അവസാനം വരെ പ്രവർത്തന നിരതനായിരുന്ന 'കോർ ഊനും' പൊന്തിഫിക്കൽ സമിതിയുടെ അദ്ധ്യക്ഷനായി അനേക വർഷം സേവനമനുഷ്ഠിച്ചിട്ടുള്ള കർദ്ദിനാൾ പോൾ ജോസഫിന് 89 വയസ്സായിരുന്നു. റോമിൽ വച്ചാണ് അന്ത്യം. 1934 സെപ്റ്റംബർ 5 ന് ജർമനിയിലാണ് ജനനം. കർദ്ദിനാളിന്റെ മരണത്തോടെ കർദ്ദിനാൾ സംഘത്തിലെ അംഗസംഖ്യ 238 ആയി. ഇവരിൽ 129 പേർക്കാണ് പാപ്പയെ തെരഞ്ഞെടുക്കാനുള്ള കോൺക്ലേവിൽ സമ്മതിദാനാവകാശം.

8. *കുമ്പസാര രഹസ്യം പുറത്തുവിടില്ല, ഭീഷണിയിലും നിലപാട് വ്യക്തമാക്കി ഹോങ്കോംഗ് രൂപത* : കുമ്പസാര രഹസ്യം വെളിപ്പെടുത്താത്ത വൈദികർക്ക് തടവ് ശിക്ഷ വരെ ലഭിക്കാവുന്ന പുതിയ ദേശീയ സുരക്ഷാ നിയമ ഭീഷണികൾക്കിടയിലും നിലപാട് ആവർത്തിച്ച് ഹോങ്കോംഗ് രൂപത. നിയമങ്ങളെ ബഹുമാനിക്കുമെന്നും കുമ്പസാരരഹസ്യം ഒരു കാരണവശാലും പുറത്തുവിടില്ലായെന്നും രൂപത വ്യക്തമാക്കി.

***

# ഇടവക വാർത്തകൾ

## 17.03.2024 ഞായറാഴ്ച കൂടിയ പ്രതിനിധിയോഗ തീരുമാനങ്ങൾ



1. ജൂൺ 2024 ലെ തിരുഹൃദയ തിരുനാൾ നടത്തിപ്പിനായി വിവിധ കമ്മിറ്റികളെ തിരഞ്ഞെടുത്തു. പേര് വിവരങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| ജനറൽ കൺവീനർ | : ശ്രീ. ജോബി പൊറുത്തൂക്കാരൻ |
| ജോ. കൺവീനർ | : ശ്രീ. ക്ലീറ്റസ് കുനംപിലാവ് |
| ഫിനാൻസ് കൺവീനർ | : ശ്രീ. ഷാജു വള്ളൂപ്പാറ |
| പബ്ളിസിറ്റി | : ശ്രീ. പോൾ കാട്ടൂക്കാരൻ |
| ജോ. കൺവീനർ | : ശ്രീ. ബിജു സി. തെക്കിനിയത്ത് |
| റിസപ്ഷൻ | : ശ്രീ. ജോമോൻ തട്ടിൽ |
| ലിറ്റർജി | : റവ. സി. ഫെമി നീലങ്കാവിൽ |
| പള്ളി അലങ്കാരം | : ശ്രീ. ജോമോൻ ചാലിശ്ശേരി കുറ്റൂക്കാരൻ |
| ദീപാലങ്കാരം | : ശ്രീ. ജോക്സൺ കുറ്റിക്കാട്ട് |
| വെടിക്കെട്ട് | : ശ്രീ. ഫേറജോ കൊക്കൻ |
| അരങ്ങ് അലങ്കാരം | : ശ്രീ. ലിന്റോ കല്ലൂക്കാരൻ |
| വാദ്യമേളം | : ശ്രീ. ഫ്രാൻസിസ് മുത്തിപീടിക |
| പട്ടുകുട/പൊൻകുരിശ് | : ശ്രീ. ലിയോ കുറ്റിക്കാട്ട് |
| കലാപരിപാടികൾ | : ശ്രീ. ജോസ് തീതായ് |
| വളണ്ടിയർ | : ശ്രീ. ഷാജു കിടങ്ങൻ |
| നേർച്ച | : ശ്രീ. ലാസർ വള്ളൂപ്പാറ |
| പാർക്കിംഗ് | : ശ്രീ. പ്രദീപ് ചൊവ്വല്ലൂർ |

2. ഇടവകദിനം ജൂൺ 9 ന് നടത്തുവാൻ തീരുമാനിച്ചു. ഇടവകദിനം ജനറൽ കൺവീനറായി ശ്രീ. ജോസ് തീതായിയെ യോഗം തിരഞ്ഞെടുത്തു.

3. ഈ വർഷത്തെ കുട്ടികളുടെ ആദ്യകുർബാന സ്വീകരണം ഏപ്രിൽ 28 ന് നടത്തുവാൻ തീരുമാനിച്ചു.

4. ശ്രീമതി മുത്തിപീടിക ജോർജ്ജ് ഭാര്യ റോസിലി പള്ളിക്ക് ദാനമായി നൽകിയ 5 സെന്റ് ഭൂമി സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ അപേക്ഷ പരിഗണിച്ച് സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ പേരിൽ തീറാധാരം നടത്തി നൽകുവാൻ യോഗം തീരുമാനിച്ചു.

5. തിരുഹൃദയനാദം പാരീഷ് ബുള്ളറ്റിൻ കമ്മിറ്റിയിലേക്ക് താഴെ പറയുന്നവരെ തെരഞ്ഞെടുത്തു.

ശ്രീ. ഷാജു കിടങ്ങൻ
ശ്രീ. ജോമോൻ താട്ടിൽ
ശ്രീ. ജോക്സൺ കുറ്റിക്കാട്ട്
ശ്രീ. പ്രിൻസൺ പുത്തിരി
സി. ടിസ്സ ജീസ്
ശ്രീമതി ബെൻസി റോയ്

**ഫാ. പോൾ താണിക്കൽ**
*വികാരി*

**ശ്രീ. ലോറൻസ് പുണത്ത്**
*സെക്രട്ടറി*

**ശ്രീ. സിബിൻ കല്ലൂക്കാരൻ**
*നടത്ത് കൈക്കാരൻ*

## കുടുംബകൂട്ടായ്മ വാർത്തകൾ

1. 14 കുടുംബകൂട്ടായ്മകൾ നൂറുശതമാനം ദശാംശകവറുകൾ സമർപ്പിച്ചു. തുകയുടെ അടിസ്ഥാനത്തിൽ ഒന്നാം സ്ഥാനം സെന്റ് ജോൺ മരിയ വിയാനി യൂണിറ്റും (547.94), രണ്ടാം സ്ഥാനം സെന്റ് സെബാസ്റ്റ്യൻ യൂണിറ്റും (471.48), മൂന്നാം സ്ഥാനം സെന്റ് ജോസഫ് യൂണിറ്റും (414.00) ആണ് നേടിയത്.

**ഏപ്രിൽ മാസം ഊട്ടുതിരുനാളിനു സഹകരിക്കേണ്ടത് പടിഞ്ഞാട്ടുമുറി മേഖലയാണ്.**

**1. വിമലനാഥ യൂണിറ്റ്**
**2. നിർമ്മലമാത യൂണിറ്റ്**
**3. കർമ്മലമാത യൂണിറ്റ്**
**4. മേരിമാത യൂണിറ്റ്**

**ഏപ്രിൽ മാസം**
**അൾത്താര അലങ്കാരം, വായന, അൾത്താര ശുശ്രൂഷ**

| | | |
|---|---|---|
| 07/04/2024 | 5.45 am | സെന്റ് ജോൺമരിയ വിയാനി യൂണിറ്റ് |
| | 7.15 am | സെന്റ് ജോർജ്ജ് യൂണിറ്റ് |
| 14/04/2024 | 5.45 am | സെന്റ് ആന്റണീസ് യൂണിറ്റ് |
| | 7.15 am | സെന്റ് അൽഫോൺസ യൂണിറ്റ് |
| 21/04/2024 | 5.45 am | മദർതെരേസ യൂണിറ്റ് |
| | 7.15 am | സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ് |

| | | |
|---|---|---|
| 28/04/2024 | 5.45 am | തിരുകുടുംബം യൂണിറ്റ് |
| | 7.15 am | ഡോൺബോസ്കോ യൂണിറ്റ് |

## 2024 ഏപ്രിൽ മാസത്തിലെ കുടുംബകൂട്ടായ്മകൾ

### ഒന്നാം ഞായർ, 07 – 04 – 2024

| | | |
|---|---|---|
| 2.30 | വിമലനാഥ | - ചീനാൻ വർഗ്ഗീസ് ആനി |
| | സെന്റ് റാഫേൽ | - തളിക്കുളം ദേവസി ബാബു |
| 3.15 | നിർമ്മലമാത | - തെക്കിനിയത്ത് റപ്പായി ആന്റു |
| | സെന്റ് തോമസ് | - പൊറുത്തൂര് റപ്പായി നെൽസൺ |
| 4.00 | കർമ്മലമാത | - തലോണിക്കര ലാസർ വിൽസൻ |
| | സെന്റ് ജോസഫ് | - തെക്കിനിയത്ത് അന്തോണി ജോസ് |
| 4.45 | മേരിമാത | - വട്ടക്കുഴി ജോസ് മേഴ്സി |
| | സെന്റ് സേവ്യർ | - കുണ്ടുകുളം മേരി ജോസ് |

### രണ്ടാം ഞായർ, 14 – 04 – 2024

| | | |
|---|---|---|
| 2.30 | ഡോൺബോസ്കോ | - പൂവ്വത്തിങ്കൽ മതിലൈ മുത്തു രാജൻ |
| | സെന്റ് എവുപ്രാസ്യ | - കൂനംപിലാവ് അന്തോണി ജോർജ്ജ് |
| 3.15 | തിരുകുടുംബം | - മുത്തിപീടിക ജോസ് ഭാര്യ ത്രേസി |
| | സെന്റ് വിൻസന്റ് ഡി പോൾ | - പടവൻ പൗലോസ് മേരി |
| 4.00 | സെന്റ് ഫ്രാൻസിസ് അസ്സീസി | - മുത്തിപീടിക ഔസേപ്പ് അന്തോണി |
| | സെന്റ് പോൾ | - വള്ളൂപ്പാറ ജോൺസൺ റീന |
| 4.45 | ലിറ്റിൽ ഫ്ളവർ | - മുത്തിപീടിക ലോനപ്പൻ ജോസ് |
| | തിരുഹൃദയം | - കോമ്പാറക്കാരൻ അന്തോണി ഡേവിസ് |

### മൂന്നാം ഞായർ, 21 – 04 – 2024

| | | |
|---|---|---|
| 2.30 | സെന്റ് ജോൺ മരിയ വിയാനി | - മുത്തിപീടിക ഇട്ടേച്ചൻ ആന്റണി |
| | സെന്റ് മദർ തെരേസ | - അറങ്ങാശ്ശേരി ജോസ് മേരി |
| 3.15 | സെന്റ് ജോർജ്ജ് | - ചിറ്റിലപ്പിള്ളി ലോന മേരി |
| | സെന്റ് മേരീസ് | - കുണ്ടുകുളം ലോനപ്പൻ ജോസ് |
| 4.00 | സെന്റ് ആന്റണീസ് | - തെക്കേത്തല ഫിലോമിന പോൾ |
| | സെന്റ് ജൂഡ് | - മുളയ്ക്കൽ സണ്ണി സിജോയ് |
| 4.45 | സെന്റ് അൽഫോൺസ | - പൊറുത്തൂക്കാരൻ ഡേവിസ് ഡിവിൻ |
| | സെന്റ് സെബാസ്ത്യൻ | - മുത്തിപീടിക ഔസേപ്പ് ഫ്രാൻസിസ് |

(എല്ലാ കുടുംബകൂട്ടായ്മകൾക്കും അരമണിക്കൂർ മുമ്പ് കുട്ടികൂട്ടായ്മകൾ ഉണ്ടായിരിക്കും.)

**ജോബി പൊരുത്തൂക്കാരൻ**
*കേന്ദ്രസമിതി കൺവീനർ*

**ഷാജു വള്ളൂപ്പാറ**
*സെക്രട്ടറി*

## വിശ്വാസപരിശീലന വാർത്തകൾ

1. ഈ വർഷത്തെ ഓവർസൺ ക്യാമ്പ് ഏപ്രിൽ 1, 2, 3 തിയതികളിൽ നമ്മുടെ ഇടവകയിൽ നടത്തുന്നു. 5–ാം ക്ലാസ് മുതൽ ACC ഉൾപ്പെടെയുള്ള എല്ലാ വിദ്യാർത്ഥികളും ക്യാമ്പിൽ നിർബന്ധമായും പങ്കെടുക്കണം. ബൈബിൾ, ഉച്ചഭക്ഷണം, കുടിവെള്ളം, നോട്ട്ബുക്ക്, പേന എന്നിവ കുട്ടികളുടെ കൈവശം ഉണ്ടായിരിക്കണം. രാവിലെ 9.30 മുതൽ 4 മണി വരെ ആയിരിക്കും ക്യാമ്പിന്റെ സമയം.

2. ഫെബ്രുവരി മാസത്തിൽ നടത്തിയ കാറ്റക്കിസം വാർഷിക പരീക്ഷയിൽ വിജയിക്കാൻ ആവശ്യമായ മാർക്ക് ലഭിക്കാത്ത വിദ്യാർത്ഥികൾക്കും പരീക്ഷ എഴുതാത്തവർക്കും ഏപ്രിൽ 7–ാം തിയതി 10 മണിക്കുള്ള ദിവ്യബലിക്കുശേഷം Re-exam നടത്തുന്നതാണ്. Re-exam ൽ വിജയിക്കാൻ ആവശ്യമായ മാർക്ക് ലഭിക്കാത്ത കുട്ടികൾക്ക് ക്ലാസ് കയറ്റം ലഭിക്കുന്നതല്ല.

**ജോയ് മുത്തിപീടിക**
*പ്രിൻസിപ്പാൾ*

**സോണിയ ലിന്റോ**
*സെക്രട്ടറി*



## തിരുഹൃദയ അനുഗ്രഹ വെള്ളി ആചരണം

**(മാസാദ്യവെള്ളി ഒഴികെയുള്ള വെള്ളിയാഴ്ചകളിൽ)**

**5.45 am, 7.15 am, 6.00 pm** ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ നൊവേന.

**10.00 am** ലദീഞ്ഞ്, പാട്ടുകുർബാന, തിരുഹൃദയ സന്ദേശം, ആരാധന, പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷകൾ, തിരുഹൃദയ നൊവേന, ദിവ്യകാരുണ്യ പ്രദക്ഷിണം, ദിവ്യകാരുണ്യ ആശീർവ്വാദം, തുടർന്ന് നേർച്ചക്കഞ്ഞി വിതരണം.

# തിരുഹൃദയഭക്തി കർമ്മമാർഗ്ഗത്തിലൂടെ

## രക്തദാനം – തിരുഹൃദയ മഹത്വത്തിന്

"എന്നാൽ പടയാളികളിൽ ഒരുവൻ അവന്റെ പാർശ്വത്തിൽ കുന്തംകൊണ്ട് കുത്തി. ഉടനെ അതിൽ നിന്നും രക്തവും വെള്ളവും പുറപ്പെട്ടു" (വി. യോഹ. 19:34).

ഈശോയുടെ തിരുഹൃദയത്തോടുള്ള സ്നേഹത്തെപ്രതി രക്തം നേർച്ചയായി നൽകികൊണ്ട് അവിടുത്തെ മഹത്വപ്പെടുത്താം. ഈ ശ്രേഷ്ഠമായ കാരുണ്യമാർഗ്ഗത്തിലൂടെ തിരുഹൃദയത്തിന്റെ സമാധാനം നമ്മളിലും, നമ്മുടെ കുടുംബങ്ങളിലും വർഷിക്കപ്പെടാൻ ഇടയാകട്ടെ.

## അന്നദാനം – തിരുഹൃദയസന്നിധിയിൽ

"ഭക്ഷണം നിർല്ലോഭം നൽകുന്നവനെ എല്ലാവരും പുകഴ്ത്തും; അവന്റെ ഔദാര്യത്തെക്കുറിച്ചുള്ള അവരുടെ പ്രശംസ വിശ്വസനീയമാണ്" (പ്രഭാ. 31:23)

തിരുഹൃദയ ഊട്ടിനുപുറമെ എല്ലാ മാസാദ്യവെള്ളിയാഴ്ചകളിലും 500 പേർക്ക് ഭക്ഷണം ആതുരാലയങ്ങളിലേക്ക് കൊടുക്കുന്നു.

## ധനദാനം – കാരുണ്യനിധി വഴി

"സത്യമായി ഞാൻ നിങ്ങളോട് പറയുന്നു. എന്റെ ഏറ്റവും എളിയ ഈ സഹോദരന്മാരിൽ ഒരുവന് നിങ്ങൾ ഇത് ചെയ്ത് കൊടുത്തപ്പോൾ എനിക്ക് തന്നെയാണ് ചെയ്തു തന്നത്." (മത്താ. 25:40)

കാരുണ്യനിധി എന്നപേരിൽ ഒരു ട്രസ്റ്റ് രൂപീകരിച്ച് ഒരു കോടി രൂപ സമാഹരിച്ച്, അതിൽനിന്ന് എല്ലാ മാസവും ഒരു ലക്ഷത്തോളം രൂപ ഇടവകാതിർത്തിയിലുള്ള നാനാജാതി മതസ്ഥരായ രോഗികൾക്കും മറ്റുവിധത്തിൽ കഷ്ടതയനുഭവിക്കുന്നവർക്കുമായി നൽകിവരുന്നു.

ഏപ്രിൽ മാസത്തിൽ കാരുണ്യനിധിയിൽ നിന്ന് ഇടവകാതിർത്തിയിൽപെട്ട നാനാജാതി മതസ്ഥരായ 8 വ്യക്തികൾക്ക് 57,000/- രൂപ വിവിധ ആവശ്യങ്ങൾക്കായി ധനസഹായം വിതരണം ചെയ്തു. ഈ കർമ്മമാർഗത്തെ പരിപോഷിപ്പിക്കുന്നതിന് ഏവരോടും സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു.

## നേത്രദാനം – കാഴ്ച നൽകാൻ

"ലോകത്തിലായിരിക്കുമ്പോൾ ഞാൻ ലോകത്തിന്റെ പ്രകാശമാണ്" (യോഹ. 9:5)

കാഴ്ചയെന്ന ദാനം ദാനമായി തന്നെ നൽകാൻ സന്നദ്ധരായറിയിച്ചവരുടെ കണ്ണുകൾ അവരുടെ മരണശേഷം ദാനം ചെയ്യുന്നു.

# സംഘടന വാർത്തകൾ

## തിരുഹൃദയസഖ്യം

മാർച്ച് മാസത്തിൽ മാസാദ്യവെള്ളി തിരുഹൃദയ തിരുനാളിന്റെ തിരുകർമ്മങ്ങൾക്ക് കാർമ്മികത്വം വഹിച്ചത് ***ഫാ. സിന്റോ പൊന്തേക്കൻ*** ആണ്. തിരുനാൾ ഭംഗിയാക്കുന്നതിനായി സഹകരിച്ച തിരുഹൃദയസഖ്യം അംഗങ്ങൾക്കും കുടുംബകൂട്ടായ്മ ഭാരവാഹികൾക്കും എല്ലാവർക്കും നന്ദിപറയുന്നു. മാർച്ച് മാസത്തിൽ മാസാദ്യവെള്ളി തിരുഹൃദയ തിരുനാൾ April 5 നാണ്. മാസാദ്യവെള്ളി ബുക്കിങ്ങ് – 2029 വരെയും, അന്നദാനം ബുക്കിങ്ങ് – 2025 വരെയും കഴിഞ്ഞിട്ടുണ്ട്. തുടർന്നുള്ള മാസങ്ങളിലേക്കുള്ള ബുക്കിംഗ് സൗകര്യം ഉണ്ടായിരിക്കുന്നതാണ്.

ജനുവരി, ജൂൺ മാസങ്ങളിൽ ഊട്ടുതിരുനാൾ നടത്തുന്നതിന് 35,000/– രൂപയും മറ്റു മാസങ്ങളിൽ 30,000/– രൂപയുമാണ്. അന്നദാനം ബുക്കിങ്ങിന് 10,000/– രൂപയാണ്.

ഏപ്രിൽ മാസത്തിൽ മാസാദ്യവെള്ളി ഊട്ടുതിരുനാൾ നടത്തിപ്പിന് സഹകരിക്കേണ്ടത് **പടിഞ്ഞാട്ടുമുറി മേഖലയാണ്.**

**ജോസ് തിരായ്** — *സെക്രട്ടറി തിരുഹൃദയസഖ്യം*

**ജെയ്സൺ മുത്തിപീടിക** — *പ്രസിഡണ്ട് തിരുഹൃദയസഖ്യം*

## തിരുഹൃദയ കാരുണ്യനിധി

തിരുഹൃദയ കാരുണ്യനിധിയിൽ നിന്ന് ഏപ്രിൽ മാസത്തിൽ ഇടവകയിലുള്ള 8 വ്യക്തികൾക്ക് 57,000/– രൂപ ധനസഹായം വിതരണം ചെയ്തു. സഹായം വിതരണം ചെയ്ത ഓരോ കുടുംബകൂട്ടായ്മയുടെ പേരും വിതരണം ചെയ്തവരുടെ എണ്ണവും അനുവദിച്ച തുകയും താഴെ കൊടുക്കുന്നു.

| കുടുംബകൂട്ടായ്മയുടെ പേര് | വിതരണം ചെയ്തവരുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|
| 1. കർമ്മലമാതാ | 1 | 5,000 |
| 2. നിർമ്മലമാതാ | 2 | 13,000 |
| 3. തിരുഹൃദയം | 1 | 5,000 |
| 4. സെന്റ് എവുപ്രാസ്യ | 2 | 22,000 |
| 5. സെന്റ് തോമസ് | 1 | 2,000 |

| | | |
|---|---|---|
| 6. സെന്റ് സെബാസ്റ്റ്യൻ | 1 | 10,000 |
| **ആകെ** | **8** | **57,000** |

**ജോബി പൊറുത്തൂക്കാരൻ** — *സെക്രട്ടറി*

**ഫാ. പോൾ താണിക്കൽ** — *മാനേജിങ്ങ് ട്രസ്റ്റി*


## മാതൃവേദി

മാർച്ച് മാസം 9-ാം തിയതി മാതൃവേദിയുടെ നേതൃത്വത്തിൽ 14 പള്ളി സന്ദർശനം നടത്തുകയുണ്ടായി. 4 ബസ്സുകളിലായി 225 ഓളം പേർ പങ്കെടുക്കുകയുണ്ടായി.

**പിമ്മി ഗ്രീസൻ** — *പ്രസിഡന്റ്*

**മേഴ്സി ആന്റണി** — *സെക്രട്ടറി*

## വിൻസന്റ് ഡി പോൾ സംഘടനയുടെ അഭിമുഖത്തിൽ നടന്ന സീനിയേഴ്സ് ഡേ ആചരണം



## മീറ്റിംഗുകൾ - ദിവസം, സമയം

| | | |
|---|---|---|
| ഗായകസംഘം | ഒന്നാം ഞായർ | 3–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| അൾത്താരസംഘം | നാലാം ശനി | 10 am |
| കെ. സി. വൈ. എം. | നാലാം ഞായർ | 7 pm |
| യൂത്ത് സി. എൽ. സി. | രണ്ടാം ഞായർ | 3–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| ജീസസ് യൂത്ത് | എല്ലാ ശനിയും | 2–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| ലീജിയൻ ഓഫ് മേരി | എല്ലാ ശനിയും | 2–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| മാതൃവേദി | രണ്ടാം ശനി | 3.30 pm |
| സെന്റ് വിൻസന്റ് ഡി പോൾ (M) | ഞായറാഴ്ചകളിൽ | 2–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| സെന്റ് വിൻസന്റ് ഡി പോൾ (F) | ശനിയാഴ്ചകളിൽ | 1–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| പ്രാർത്ഥനാഗ്രൂപ്പ് (M) | ഞായറാഴ്ചകളിൽ | 3.30 pm |
| പ്രാർത്ഥനാഗ്രൂപ്പ് (F) | ചൊവ്വാഴ്ചകളിൽ | 11.00 am |
| സംഘടനാ ഏകോപന സമിതി | ഒന്നാം ഞായർ | 2–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| തിരുഹൃദയസഖ്യം | രണ്ടാം ഞായർ | 2–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| പ്രതിനിധിയോഗം | മൂന്നാം ഞായർ | 2–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| കുടുംബകൂട്ടായ്മ കേന്ദ്രസമിതി | നാലാം ഞായർ | 2–ാമത്തെ കുർബ്ബാനയ്ക്കുശേഷം |
| തിരുഹൃദയ നാദം പാരിഷ് ബുള്ളറ്റിൻ | ഒന്നാം ഞായർ | 1–ാമത്തെ കുർബ്ബാനയ്ക്കുശേഷം |

## കപ്പേളകളിൽ ലദീഞ്ഞ്, നൊവേന

### ഒന്നാം ശനി

6 pm – ചെറുപ്ലേരി കപ്പേള – ലദീഞ്ഞ്, നൊവേന, പാട്ടുകുർബ്ബാന

7.30 pm – തെക്കുമുറി സെന്റ് ജോസഫ് കപ്പേള ലദീഞ്ഞ്, നൊവേന

### രണ്ടാം ശനി

6.30 pm പടിഞ്ഞാട്ടുമുറി കപ്പേള ലദീഞ്ഞ്, നൊവേന

7.30 pm– പാറകുളം സെന്റ് മേരീസ് കപ്പേള ലദീഞ്ഞ്, നൊവേന

### മൂന്നാം ശനി

7.00 pm സെന്റ് തോമസ് കപ്പേള ലദീഞ്ഞ്, നൊവേന



## വിശുദ്ധരുടെ പാതയിൽ

# വി. ജിയാന്ന ബെറേറ്റ മോള

## (1922-1962)

ഗർഭാവസ്ഥയിലായിരുന്ന സ്വന്തം കുഞ്ഞിനുവേണ്ടി ജീവൻ ത്യജിച്ച അമ്മയാണ് വിശുദ്ധ ജാന്ന ബെറേത്ത മോള്ള. ഇറ്റലിയിലെ മിലാന് അടുത്തുള്ള മജേന്തയിൽ ആൽബർട്ട് ബെറേത്തയുടെയും മരിയയുടെയും പത്താമത്തെ സന്താനമായി 1922 ഒക്ടോബർ നാലിന് ജാന്ന ജനിച്ചു. ജാന്നയ്ക്ക് മൂന്നുവയസ്സു പ്രായമായപ്പോൾ, അവളുടെ കുടുംബം ബേർഗമൊയിലേക്ക് മാറി താമസിച്ചു. ദൈവത്തിന്റെ ഏറ്റവും വലിയ വരദാനമായി ജീവിതത്തെ ദർശിച്ചുകൊണ്ട് ജാന്ന വളർന്നുവന്നു. അവൾ മിലാനിൽ വൈദ്യ ശാസ്ത്രപഠനം നടത്തുകയും, കുട്ടികളുടെ രോഗങ്ങൾ ചികിത്സിക്കുന്ന ഡോക്ടറായിത്തീരുകയും ചെയ്തു. ആതുരശുശ്രൂഷയെ തന്റെ പ്രേഷിത മേഖലയായി അവൾ സ്വീകരിച്ചു. കത്തോലിക്കാസഭയുടെ സാമൂഹിക പ്രബോധനങ്ങളെ ജനങ്ങളിലേക്ക് എത്തിക്കുന്നതിൽ ശ്രദ്ധിക്കുന്ന, അത്മായവിശ്വാസികളുടെ സംഘടനയായ കാത്തലിക് ആക്ഷനോടൊത്ത് നിരവധി സേവനങ്ങളിൽ അവൾ പങ്കെടുത്തു.

1955 ൽ ജാന്ന സുഹൃത്തായ പിയെത്രൊ മൊള്ളയെ വിവാഹം കഴിച്ചു. ഒരു യഥാർത്ഥ ക്രിസ്തീയ കുടുംബത്തിന് രൂപം കൊടുക്കാൻ അവൾ ആത്മാർത്ഥമായി ആഗ്രഹിച്ചു. "സ്ത്രീപുരുഷന്മാരുടെ ആത്മാവിലേക്ക് ദൈവം നിക്ഷേപിച്ചിരിക്കുന്ന അതിമനോഹരമായ വികാരമാണ് സ്നേഹം," എന്ന് അവൾ തന്റെ ഭർത്താവിന് ഒരിക്കൽ എഴുതി. 1959 ജൂലൈ ആയപ്പോഴേക്കും അവരുടെ ദാമ്പത്യവല്ലരിയിൽ പിയർ ലൂയിജി, മരിയ സിത്ത, ലൗറ എന്നീ മൂന്നു കുഞ്ഞുങ്ങൾ ജനിച്ചിരുന്നു. ദൈവിക കൃപയുടെ സഹായത്തോടെ ജാന്ന തന്റെ മാതൃത്വം ശരിയായി വിനിയോഗിച്ചു. തന്റെ കുടുംബജീവിതവും ജോലിയും പൊരുത്തത്തോടെ കൊണ്ടുപോകുന്നതിന് അവൾക്കു സാധിച്ചിരുന്നു.

1961 ൽ ജാന നാലാമത്തെ കുട്ടിയെ ഗർഭം ധരിച്ചു. ഗർഭകാലത്തിന്റെ രണ്ടാം മാസം പൂർത്തിയായപ്പോൾ, അവൾക്ക് ഉദരത്തിൽ അസഹ്യമായ വേദന അനുഭവപ്പെട്ടു. വിദഗ്ദ്ധ പരിശോധനയിൽ ഭ്രൂണത്തോടൊപ്പം ഗർഭപാത്രത്തിൽ ഒരു മുഴ വളരുന്നതായി കണ്ടെത്തി. ഡോക്ടർമാർ അവൾക്ക് മൂന്നു സാധ്യതകൾ നല്കി. ഉദരത്തിൽ ഇപ്പോൾ വളരുന്ന ഭ്രൂണത്തെ നശിപ്പിച്ചുകൊണ്ട് തുടർന്നും ഗർഭം ധരിക്കുന്നതിനുള്ള അവസ്ഥ സൃഷ്ടിക്കുക; ഗർഭപാത്രം നീക്കം ചെയ്തുകൊണ്ട്, ഇപ്പോഴുള്ളതും ഇനി ഉണ്ടാകാനിടയുള്ളതുമായ ഗർഭാവസ്ഥ ഇല്ലാതാക്കുക; ഉദരത്തിലുള്ള മുഴമാത്രം നീക്കം ചെയ്തുകൊണ്ട് ഗർഭത്തിലുള്ള കുഞ്ഞിന്റെ ജീവൻ രക്ഷിക്കുക, ഒപ്പം പിന്നീടുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സ്വീകരിക്കുക എന്നിവയായിരുന്നു ആ സാധ്യതകൾ.

വൈദ്യശാസ്ത്രവും സ്വാഭാവികനിയമവും വിശുദ്ധഗ്രന്ഥവും ക്രൈസ്തവപാരമ്പര്യവും സ്വീകരിക്കുന്ന കത്തോലിക്കാസഭയുടെ പ്രബോധനം അനുസരിച്ച്, ഗർഭാവസ്ഥയിലുള്ള ഒരു ശിശുവിന് തന്റെ ജീവൻ നിലനിർത്തുന്നതിനുള്ള മൗലികമായ മനുഷ്യാവകാശം ഉണ്ട്. തന്റെ കുഞ്ഞിന്റെ ജീവൻ സംരക്ഷിക്കുന്നതിനുവേണ്ടി ഉദരത്തിൽ വളർന്നു കൊണ്ടിരിക്കുന്ന മുഴമാത്രം നീക്കംചെയ്യുക എന്ന മൂന്നാമത്തെ സാധ്യതയാണ് ജാന സ്വീകരിച്ചത്. തന്റെ കുഞ്ഞിന്റെ ജീവൻ രക്ഷിക്കുന്നതിനുവേണ്ടി സ്വന്തം ജീവൻ ത്യജിക്കാൻ അവൾ തയ്യാറാവുകയായിരുന്നു. ശസ്ത്രക്രിയക്കുശേഷം അനിതരസാധാരണമായ കരുത്തോടും ദൃഢമായ സമർപ്പണത്തോടും കൂടി ഗർഭാവസ്ഥയുടെ ശേഷിച്ച മാസങ്ങൾ അവൾ ജീവിച്ചു. തന്റെ കുഞ്ഞിന് ഒരാപത്തും വരുത്തരുതേയെന്ന് അവൾ പ്രാർത്ഥിച്ചു. കുഞ്ഞിന്റെ ജീവൻ രക്ഷിക്കുന്നതിന് തന്നെ അനുവദിക്കാനും സഹായിക്കാനും അവൾ കുടുംബാംഗങ്ങളോട് ആവശ്യപ്പെട്ടു. 1962 ഏപ്രിൽ 21 ന് സിസേറിയൻ ഓപ്പറേഷനിലൂടെ ജാന തന്റെ കുഞ്ഞിനു ജന്മം നല്കി. ഡോക്ടർമാർ കിണഞ്ഞു പരിശ്രമിച്ചെങ്കിലും ജാനയുടെ ജീവൻ പിടിച്ചു നിർത്താൻ കഴിഞ്ഞില്ല. കുഞ്ഞു ജനിച്ച് ഒരാഴ്ച കഴിഞ്ഞപ്പോൾ, ഏപ്രിൽ 28 ന് ജാന സ്വർഗ്ഗത്തിലേക്കു യാത്രയായി. മെസെറെയിൽ അവളെ സംസ്കരിച്ചു. "*പൂർണ്ണസമ്മതത്തോടെ തന്റെ മകൾ ജാന എമ്മാനുവേലയ്ക്കുവേണ്ടി ജീവൻ സമർപ്പിച്ച ബെറേത്ത കുടുംബത്തിലെ ഡോക്ടർ ജാന മൊള്ളയെ അഗാധമായ ദുഃഖത്തോടെ ഞങ്ങൾ സ്മരിക്കുന്നു*" എന്നാണ് ജാനയുടെ കല്ലറയിൽ രേഖപ്പെടുത്തിയിരിക്കുന്ന വാക്കുകൾ.

1994 ഏപ്രിൽ 24 ന് വിശുദ്ധ ജോൺ പോൾ രണ്ടാമൻ മാർപാപ്പ ജാനയെ വിശുദ്ധയായി പ്രഖ്യാപിച്ചു. ജാനയുടെ വിശുദ്ധപദ പ്രഖ്യാപന വേളയിൽ, അവളുടെ ഭർത്താവ് പിയെത്രോ മൊള്ളയും അവരുടെ നാലു

മക്കളും സ്നേഹത്തിന്റെയും ആനന്ദത്തിന്റെയും കൃതജ്ഞതയുടെയും മിഴിനീർ മുത്തുകളെ ദൈവത്തിനു സമർപ്പിച്ചുകൊണ്ട് തിരുകർമ്മങ്ങൾക്കു സാക്ഷ്യം വഹിച്ചു. *"എളിയവളും, എന്നാൽ എന്നത്തേക്കാളുമുപരി ദൈവസ്നേഹത്തിന്റെ ശ്രദ്ധേയമായ സന്ദേശവാഹകയും"* എന്ന് ജോൺ പോൾ രണ്ടാമൻ മാർപാപ്പ ജാന്നയെ വിശേഷിപ്പിച്ചു. വിശുദ്ധ ജാന്ന മാതാക്കളുടെയും ഭിഷഗ്വരന്മാരുടെയും ഗർഭസ്ഥരായ ശിശുക്കളുടെയും മദ്ധ്യസ്ഥയാണ്.



## ഇടവക ചേർന്നവർ

1. കുനംപിലാവ് ജോൺസൺ ഭാര്യ റോസി – സെന്റ് റാഫേൽ യൂണിറ്റ്
2. കൊടലിപറമ്പിൽ ജോൺ ഷിന്റോ – സെന്റ് സെബാസ്റ്റ്യൻ യൂണിറ്റ്
3. അന്തിക്കാടൻ ജോൺ ഡേവിസ് – സെന്റ് തോമസ് യൂണിറ്റ്




## വിട പറഞ്ഞവർ

1. ചാലിശ്ശേരി വറീത് സെലീന – സെന്റ് ആന്റണീസ് യൂണിറ്റ്
2. ഇടപ്പിള്ളി ജോസഫ് റപ്പായി – സെന്റ് തോമസ് യൂണിറ്റ്
3. കൂടലി ഔസേപ്പ് ഭാര്യ കൊച്ചുമറിയം – സെന്റ് റാഫേൽ യൂണിറ്റ്
4. കുറ്റിക്കാട്ട് പൊറിഞ്ചു ഭാര്യ കൊച്ചുത്രേസ്യ – സെന്റ് പോൾ യൂണിറ്റ്

**രചനകൾ 10-ാം തിയതിക്കു മുമ്പും, പരസ്യങ്ങൾ 20-ാം തിയതിക്കു മുമ്പും നൽകി സഹകരിക്കുവാൻ ശ്രദ്ധിക്കുക**

### തിരുഹൃദയനാദം – പരസ്യ നിരക്ക് 2020 ഏപ്രിൽ മുതൽ

| | |
|---|---|
| **Black & White** | |
| Quarter Page | Rs. 300 |
| Catechism Students | Rs. 150 |
| Half Page | Rs. 400 |
| Full Page | Rs. 600 |
| **Multi Colour** | |
| Centre page | Rs.2,700 |
| Front Inner | Rs.2,000 |
| Back Inner | Rs.1,600 |
| Back Page | Rs.2,500 |
| Inner Page | Rs.1,300 |

# അടിക്കുറിപ്പ് മത്സരം



അടിക്കുറിപ്പ് :

പേര് ............................................................ Std ..............................

വീട്ടുപേര് ..........................................................................................

.................................................. യൂണിറ്റ് ..............................................

മികച്ച അടിക്കുറിപ്പ് എഴുതി തിരുഹൃദയനാദം ബുള്ളറ്റിൻ ബോക്സിൽ 2024 ഏപ്രിൽ 15 - ാം തിയ്യതിക്ക് മുമ്പ് നിക്ഷേപിക്കുക. ഈ മത്സരത്തിൽ ഇടവകക്കാരായ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം

---



അടിക്കുറിപ്പ് മത്സരം വിജയി

**ക്രിസ്റ്റോ സോണി, സെന്റ് മദർ തെരേസ യൂണിറ്റ്**

സമ്മാനാർഹമായ അടിക്കുറിപ്പ് -

***'എന്നും ഒന്നായ് ചേർന്നിരിക്കാൻ***
***ഒരു കാണാനൂലിൽ ദൈവം കോർത്ത സൗഹൃദങ്ങൾ."***



# കൈലാത്ത്

## ഡ്രൈക്ലീനിംഗ് & അയേണിംഗ് സെന്റർ

**പാറക്കോവിൽ ബസ്സ്റ്റോപ്പിന് സമീപം,**
**മണവാങ്കോട്, പെരിഞ്ചേരി – 680 306**

പ്രിയരേ,

വെങ്ങിണിശ്ശേരി, ഊരകം, ആറാട്ടുപുഴ എന്നി സ്ഥലങ്ങളിൽ പ്രവർത്തിച്ചുവരുന്ന **കൈലാത്ത് ഡ്രൈക്ലീനിംഗ് & അയേണിംഗ് സെന്റർ** എന്ന സ്ഥാപനത്തിന്റെ പുതിയ ബ്രാഞ്ച് **മണവാങ്കോട് പാറക്കോവിൽ ബസ്സ്റ്റോപ്പിന് സമീപത്തായി** തുറന്നുപ്രവർത്തനമാരംഭിച്ചിരിക്കുന്ന വിവരം നിങ്ങളേവരേയും സഹർഷം അറിയിക്കുന്നു.

നാളിതുവരെ നിങ്ങൾ നൽകിയ സഹകരണങ്ങൾക്ക് നന്ദി പറയുന്നതോടൊപ്പം തുടർന്നും ഏവരുടേയും സഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു



**ഡോർ ഡെലിവറി സൗകര്യമുണ്ടായിരിക്കും**
**വസ്ത്രങ്ങൾ വീടുകളിൽ വന്ന് എടുക്കുന്നതാണ്.**

എന്ന്,
പ്രൊപ്രൈറ്റർ



**9037677985, 9961577985**

Sudha 9747731655



## നിറം കൊടുക്കൽ മത്സരം

പേര് .................................................. Std ..........................

വീട്ടുപേര് ..................................................................

.................................................. യൂണിറ്റ് ..........................

**കഴിഞ്ഞ ലക്കം മത്സരവിജയി- അഞ്ജന മരിയ പി. എ., സെന്റ് എവുപ്രാസ്യ യൂണിറ്റ്**

ഈ മത്സരത്തിൽ ഇടവകക്കാരായ വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. ഈ ചിത്രത്തിന് നിറം കൊടുത്ത് തിരുഹൃദയനാദം ബുള്ളറ്റിൻ ബോക്സിൽ 2024 ഏപ്രിൽ 15-ാം തീയതിക്കുമുമ്പ് നിക്ഷേപിക്കുക. നല്ല പെയിന്റിംഗിന് സമ്മാനം ഉണ്ടായിരിക്കും.

## തൃശൂരിലെ പ്രശസ്തമായ


# സുധർമ മെട്രോപൊളിസ് ലബോറട്ടറി

## ആനക്കല്ലിൽ പ്രവർത്തനമാരംഭിച്ചിരിക്കുന്നു



**SUDHARMA**
**METROPOLIS**
The Pathology Specialist

- 4500 ൽ പരം ബ്ലഡ് ടെസ്റ്റുകൾ
- തെറ്റുകുറ്റങ്ങളില്ലാത്ത രോഗനിർണ്ണയം
- എല്ലാ ഡോക്ടർമാരും വിശ്വാസമർപ്പിക്കുന്ന റിപ്പോർട്ടുകൾ
- ഏറ്റവും എളുപ്പം ലഭിക്കുന്ന ഓൺലൈൻ റിപ്പോർട്ടുകൾ
- വിവിധ പ്രായത്തിനനുയോജ്യമായ ഹെൽത്ത് പാക്കേജുകൾ
- ആഗോളവും ദേശീയവുമായ ഗുണമേന്മ അംഗീകാരങ്ങൾ



വീട്ടിൽ വന്ന് സാംപിൾ
എടുക്കുന്നതിനുള്ള സൗകര്യം
ഉണ്ടായിരിക്കുന്നതാണ്

**LAB TIMING**

Monday - Saturday
7 AM - 5 PM

**സുധർമ മെട്രോപൊളിസ് ലബോറട്ടറി**

OPP. ഖാദി ഇൻഡസ്ട്രീസ്, പോൾസ് കോംപ്ലക്സ്, ആനക്കല്ല്

7907730137, 9744110888, 9895359097

sudharmalabanakkallu@gmail.com

## തിരുഹൃദയനാദം ക്വിസ് 154

(വി. ലൂക്കാ 19, 20 അധ്യായങ്ങൾ, 2024 മാർച്ച് കത്തോലികാസഭ, തിരുഹൃദയനാദം)

1. "ഇന്ന് ഈ ഭവനത്തിന് രക്ഷ ലഭിച്ചിരിക്കുന്നു." യേശു ആരോടാണ് പറഞ്ഞത് ?
2. പുനരുത്ഥാനം നിഷേധിക്കുന്നത് ആര് ?
3. മുന്തിരിപ്പഴങ്ങളിൽ നിന്ന് ഓഹരി ലഭിക്കേ തിന് കൃഷിക്കാരൻ എത്ര ഭൃത്യന്മാരെ അയയ്ക്കുന്നുണ്ട് ?
4. ഇപ്പോഴത്തെ സി.ബി.സി.ഐ പ്രസിഡന്റ് ?
5. യേശുവിന്റെ ശ്ലീഹന്മാരിൽ ഏറ്റവും പ്രായം കൂടിയ വ്യക്തി ?
6. ക്രിസ്തുവിന്റെ അമ്മയായ മറിയം സഭയുടെയും അമ്മയാണ് എന്ന് പ്രഖ്യാപിച്ച മാർപാപ്പ ?
7. അയർലന്റിന്റെ മധ്യസ്ഥൻ ?
8. ഐ.സി.വി.എം. ഗോൾഡൻ ക്രൗൺ അവാർഡ് കരസ്ഥമാക്കിയ ക്രിസ്ത്യൻ സിനിമ ?
9. നന്മരണ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെ മരണത്തിരുനാൾ എന്ന്?
10. "യാഥാർത്ഥ്യത്തിനു നേർക്കു മിഴി തുറക്കുന്നവരാകണം നമ്മൾ" ആരുടെ വാക്കുകൾ ?

**നിബന്ധനകൾ**

ഈ മത്സരത്തിൽ ഇടവകക്കാരായ ആർക്കുവേണമെങ്കിലും പങ്കെടുക്കാം. ഉത്തരം 2024 ഏപ്രിൽ 15-ന് മുമ്പ് പാരിഷ് ബുള്ളറ്റിൻ ബോക്സിൽ ഇടുക. 2024 ഏപ്രിൽ 28-ന് രണ്ടാമത്തെ കുർബ്ബാനയ്ക്കുശേഷം വിജയിക്ക് സമ്മാനം നല്കുന്നതായിരിക്കും. നറുക്കെടുപ്പിലൂടെ വിജയിയെ നിശ്ചയിക്കുന്നതാണ്.


**തിരുഹൃദയനാദം ക്വിസ് – 153 ന്റെ ഉത്തരങ്ങൾ**

1. മാർ റാഫേൽ തട്ടിൽ 2. പ്രാർത്ഥനാ വർഷം 3. വി. മേരി മഗ്ദലിൻ 4. മരണത്തെക്കുറിച്ചുള്ള ഭയം 5. വി. വിൻസന്റ് ഫെറർ 6. ഒരു അധികാരി 7. ഒരു കുരുടൻ 8. വി.ലൂക്ക 18/27 9. പത്തു കുഷ്ഠരോഗികൾ 10. മനുഷ്യപുത്രന്റെ

**ശരിയുത്തരങ്ങൾ അയച്ചവർ**

1. ജെസി ഫ്രാൻസീസ് 2. ലാലു ഷാജി 3. ക്രിസ്റ്റീന ഷാജി 4. ആൽഫ്രെഡ് ചേലപ്പാടൻ 5. ഷെറീന ഷാജി 6. ലീന പിയൂസ് 7. സിന്റ് സിന്റോ 8. ആത്മീയ ബിനോയ് 9. അൽഫോൺസ് പൗലോസ് 10. ഗ്രെയ്സി റപ്പായി 11. ജോയേൽ പോൾ 12. മേഗി വർഗ്ഗീസ് 13. ജോസ് പി.ആർ. 14. റീന ജോജു 15. കൊച്ചുമേരി പോൾസൺ 16. എനോവിൻ പി.പി. 17. അനേയ ബിനോയ് 18. സിസിലി ഡേവിസ് 19. ഷിജി റാഫി 20. ചെറുപുഷ്പം 21. വർഗ്ഗീസ് പെരിക്കൻ 22. സിന്റോ ഫ്രാൻസീസ് 23. ലിറ്റിന ഷാജി

**(കഴിഞ്ഞ ലക്കം വിജയി – വർഗ്ഗീസ് പെരിക്കൻ)**



# തിരുവചന വായനകള്‍

## ഏപ്രില്‍ 2024

| ഞായര്‍ | തിങ്കള്‍ | ചൊവ്വ | ബുധന്‍ | വ്യാഴം | വെള്ളി | ശനി |
|---|---|---|---|---|---|---|
| | യോഹ.<br>20: 11-23<br>**1**<br>1 കോറി.<br>15: 23-28 | യോഹ.<br>14: 25-31<br>**2**<br>കൊളോ.<br>1: 15-22 | ലൂക്കാ<br>24: 13-35<br>**3**<br>അപ.<br>9: 1-15 | ലൂക്കാ<br>24: 36-43<br>**4**<br>വെളി.<br>1: 10-18 | ലൂക്കാ<br>12: 1-9<br>**5**<br>ഹെബ്രാ.<br>11:1-6,32-39 | ലൂക്കാ<br>24: 44-48<br>**6**<br>2 കോറി.<br>3:4-11 |
| യോഹ.<br>20: 24-31<br>**7**<br>ലേവ്യ.26:1-13<br>1 യോഹ.<br>1: 1-4 | മത്താ.<br>8: 1-4<br>**8**<br>ഹെബ്രാ.<br>10: 19-25 | മത്താ.<br>8: 5-13<br>**9**<br>റോമാ<br>3: 27-31 | മത്താ.<br>9: 18-26<br>**10**<br>റോമാ<br>4: 13-25 | മത്താ.<br>15: 21-28<br>**11**<br>റോമാ<br>5: 1-15 | ലൂക്കാ<br>5: 17-26<br>**12**<br>യാക്കോ.<br>5: 13-20 | യോഹ.<br>9: 35-41<br>**13**<br>ഗലാ.<br>2: 15-21 |
| യോഹ.<br>21: 15-19<br>**14**<br>പുറ.3:1-12<br>എഫേ.<br>4: 7-16 | യോഹ.<br>17: 20-26<br>**15**<br>1 യോഹ.<br>2: 1-6 | ലൂക്കാ<br>22: 24-32<br>**16**<br>1 തിമോ.<br>1:18-19,2:1-7 | ലൂക്കാ<br>1: 46-56<br>**17**<br>കൊളോ.<br>3: 12-17 | മത്താ.<br>20: 17-28<br>**18**<br>എഫേ.<br>6: 1-9 | മത്താ.<br>24: 45-51<br>**19**<br>2 തിമോ.<br>2: 22-26 | യോഹ.<br>10: 14-16<br>**20**<br>വെളി.<br>3: 15-22 |
| മത്താ.<br>28: 16-20<br>**21**<br>ജോഷ്വ.1:1-9<br>2 കോറി.<br>13: 5-10 | യോഹ.<br>14: 15-24<br>**22**<br>വെളി.<br>21: 1-7 | മര്‍ക്കോ.<br>3: 13-19<br>**23**<br>1 കോറി.<br>3: 18-23 | മത്താ.<br>10: 37-42<br>**24**<br>2 കോറി.<br>12: 1-10 | മര്‍ക്കോ.<br>16: 15-20<br>**25**<br>2 തിമോ.<br>4: 6-18 | യോഹ.<br>3: 1-12<br>**26**<br>2 കോറി.<br>5: 14-20 | മത്താ.<br>18: 10-14<br>**27**<br>റോമാ<br>11: 25-32 |
| ലൂക്കാ<br>10: 1-12<br>**28**<br>പുറ.4:27-31<br>അപ.<br>12: 24-13:3 | മത്താ.<br>11: 25-30<br>**29**<br>1 യോഹ.<br>1: 5-2: 2 | ലൂക്കാ<br>8: 1-8<br>**30**<br>ഫിലി.<br>2: 19-30 | | | | |

"ദൈവത്തിന്റെ ഓരോ വാക്കും സത്യമെന്നു തെളിയുന്നു. തന്നെ അഭയം പ്രാപിക്കുന്നവര്‍ക്ക് അവിടുന്ന് കവചമാണ്. അവിടുത്തെ വാക്കുകളോട് ഒന്നും കൂട്ടിച്ചേര്‍ക്കരുത്. അങ്ങനെ ചെയ്താല്‍ അവിടുന്ന് കുറ്റപ്പെടുത്തും." (സങ്കീ. 73 : 28).





## 5-ാം ചരമവാർഷികം

22.04.2024


# അരിമ്പൂര് മുത്തിപ്പീടിക
# വറീത് മകൻ ജോസ്

ജനനം: 10.08.1957 മരണം: 22.04.2019

ഞാൻ നിങ്ങളിൽ നിന്ന് അകന്നുപോയി
എങ്കിലും, എന്റെ സ്നേഹം എന്നും
നിങ്ങളോടുകൂടി ഉണ്ടായിരിക്കും.
സ്വർഗ്ഗരാജ്യത്തിൽ നമ്മൾ
ഒരുമിക്കുന്നതുവരെ നിങ്ങളുടെ
പ്രാർത്ഥനയിൽ എന്നെയും സ്മരിക്കണമേ.

തിരുഹൃദയം യൂണിറ്റ്

# BEST INVESTMENT SCHEMES






**Diaz Mathew**
Sr.Vice President
Head Office

For more details 8111 93 00 66

jmj Finance Ltd.

KERALA | TAMIL NADU | KARNATAKA

A NBFC registered with RBI

BRANCHES : KERALA | TAMILNADU | KARNATAKA


Registered Office: JMJ Finance Limited, Poorna Complex, Naduvilal Junction, M G Road, Thrissur, Kerala- 680001

Printed and Published by Rev. Fr. Paul Thanikkal, Vicar, Sacred Heart Shrine, Perachery, Ph:0487-2342423
(For Private Circulation Only) Design : Smriti design, Printed at Nirmala Offset, Chalakudy